പതിമൂന്നാം കേരള നിയമസഭ

# ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി
## (2011–2014)

## മൂന്നാമത് റിപ്പോർട്ട്
(2013 ഏപ്രിൽ മാസം 9–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കർഷക ആത്മഹത്യ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

**ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി**
**(2011–2014)**

മൂന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കർഷക ആത്മഹത്യ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്

740/2013.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1-20 |
| അനുബന്ധം I | .. | 21-24 |
| അനുബന്ധം II | .. | 25 |

## ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി

(2011-2014)

### **സമിതിയുടെ ഘടന**

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ

അംഗങ്ങൾ :

ശ്രീ. പി. കെ. ബഷീർ

,, ജെയിംസ് മാത്യു

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴക്കൻ

,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, ലൂഡി ലൂയിസ്

,, എ. പ്രദീപ്കുമാർ

,, എം. എ. വാഹീദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. മുരളീധരൻ നായർ, ജോയിന്റ് സെക്രട്ടറി

,, സി. ജോസ്, റിസർച്ച് ഓഫീസർ

,, പി. ഹരി, അണ്ടർ സെക്രട്ടറി.

# ആമുഖം

പൗരാണികകാലംമുതൽക്കെ കർഷകനും കാർഷികവൃത്തിക്കും സമൂഹത്തിൽ മുന്തിയ പരിഗണന നൽകിയിരുന്നതായി ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഒരു രാജ്യത്തിന്റെ പുരോഗതി നിശ്ചയിക്കുമ്പോൾ വ്യവസായം, ശാസ്ത്ര സാങ്കേതികം തുടങ്ങിയ മേഖലകളോടൊപ്പം കാർഷിക പുരോഗതിയും അതിനെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങളുടെ മെച്ചപ്പെട്ട ജീവിത നിലവാരവും കണക്കിലെടുക്കേണ്ടതുണ്ട്. അപ്പോൾമാത്രമാണ് 'സമ്പൂർണ്ണ വികസനം' യാഥാർത്ഥ്യമാകുന്നത്. എന്നാൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി ഭരണകൂടങ്ങളുടെ വികസന സങ്കല്പങ്ങളിലും കാഴ്ചപ്പാടുകളിലും ഉണ്ടായമാറ്റം കൃഷിക്കും അനുബന്ധ പ്രവൃത്തികൾക്കും പ്രാമുഖ്യം നഷ്ടപ്പെടുന്നതിനിടയാക്കുകയുണ്ടായി. ഭക്ഷ്യോത്പ്പന്നങ്ങളുടെ പൂഴ്ത്തിവയ്പ്പ്, അമിതമായ ഇറക്കുമതി, കാർഷിക ഉല്പ്പന്നങ്ങളുടെ വിലയിടിവ്, കാർഷിക രംഗത്ത് സ്വദേശ-വിദേശ കുത്തക കമ്പനികളുടെ കടന്നുകയറ്റം, പരിസ്ഥിതിനാശംമൂലമുള്ള കാലാവസ്ഥാ വ്യതിയാനം, കാർഷിക വിപ്ലവത്തിന്റെ പരിണിതഫലങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങൾ കാർഷിക മേഖലയുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കാർഷിക മേഖലയിലുണ്ടായ തകർച്ച കാർഷികവൃത്തിയെ മാത്രം ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനതയെ കടത്തിലും ദുരിതത്തിലുമാഴ്ത്തുകയുണ്ടായി. ചെറുകിട നാമമാത്ര കർഷകരാണ് പ്രധാനമായും ഇത്തരത്തിൽ ദുരിതത്തിലായത്. മറ്റ് മാർഗ്ഗങ്ങൾ ഒന്നും കാണാത്ത ഇക്കൂട്ടർ കടത്തിനടിമപ്പെട്ട് ആത്മഹത്യയ്ക്ക് വിധേയരായ അവസ്ഥ കാർഷിക രാജ്യമായ ഇന്ത്യയുടെ ആധുനിക ചരിത്രത്തിലെ കറുത്ത ഏടുകളിലൊന്നാണ്. അതിന്റെ അലയൊലികൾ ചെറുസംസ്ഥാനമായ കേരളത്തിലും പ്രതിധ്വനിക്കുകയുണ്ടായി.

പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ നൽകിയ ഉറപ്പ് ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-2014) 64-ാം നമ്പർ ഉറപ്പായി പരിഗണിക്കുകയും പ്രസ്തുത ഉറപ്പിന്മേൽ സ്വീകരിച്ച നടപടികളുടെ ഭാഗമായി 2011 ഡിസംബർ 29-ന് വയനാട് ജില്ല സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയുമുണ്ടായി. വിശദമായ പഠനത്തിനും അപഗ്രഥനത്തിനുമായി 2012 ഫെബ്രുവരി 14, മേയ് 22 എന്നീ തീയതികളിൽ സമിതി തിരുവനന്തപുരത്ത് വച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിനും കർഷകർ അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക്പരിഹാരം കാണുന്നതിനും ആവശ്യമായ ശുപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2013 മാർച്ച് 6-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ച ഈ റിപ്പോർട്ട് ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

**വി. എസ്. സുനിൽ കുമാർ,**

തിരുവനന്തപുരം
2013 ഏപ്രിൽ 9.

*ചെയർമാൻ,*
*ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

## കർഷക ആത്മഹത്യ

ഒരു കാർഷികരാജ്യമായി വിശേഷിപ്പിക്കപ്പെടുന്ന ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കൃഷിയാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവരാണ്. നമ്മുടെ ദേശീയ വരുമാനത്തിന്റെ മുഖ്യപങ്ക് കൃഷിയിൽ നിന്നാണ് ലഭിക്കുന്നത്. ഭക്ഷ്യസ്വയംപര്യാപ്തതയ്ക്കായി വിവിധ പഞ്ചവത്സര പദ്ധതികളിലൂടെ കോടിക്കണക്കിനു രൂപയാണ് ഗ്രാമീണ കാർഷിക മേഖലകളുടെ സമഗ്ര വികസനത്തിനായി ചെലവഴിച്ചിട്ടുള്ളത്. ഇതിൽ നിന്നുള്ള പ്രയോജനം വിഭാവനം ചെയ്ത രീതിയിൽ രാജ്യത്തെ കർഷക സമൂഹത്തിനു ലഭിക്കുന്നില്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി നടന്നുവരുന്ന കർഷക ആത്മഹത്യകൾ മേൽക്കാര്യമാണ് വ്യക്തമാക്കുന്നത്. സാമ്പത്തിക വ്യാപാര രംഗങ്ങളിൽ തുടർന്നുവരുന്ന നയങ്ങളും പരിഷ്കാരങ്ങളും ഈ വിപത്തിന്റെ ആക്കം കൂട്ടുന്നുവെങ്കിൽ അതിൽ അതിശയോക്തിയില്ല. ദൗർഭാഗ്യകരമെന്നു പറയട്ടെ നമ്മുടെ കൊച്ചുകേരളവും ഇതിൽ നിന്നും മുക്തമല്ല.

കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെയും മലയോരമേഖലകളിലെയും ജനങ്ങളാണ് മുഖ്യമായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നത്. നാണ്യവിളകളിലൂടെയും തോട്ടവിളകളിലൂടെയും വിദേശനാണ്യം നേടാൻ സംസ്ഥാനത്തിന് കഴിയുന്നുവെങ്കിലും നാം ഇന്നും ഭക്ഷ്യസ്വയംപര്യാപ്തത നേടാതെ ഉപഭോക്തൃസംസ്ഥാനമായി തുടരുകയാണ്. കാർഷികവൃത്തിയോട് ജനങ്ങൾക്കുള്ള വിമുഖത തന്നെയാണ് ഇതിനു കാരണം. കേരളത്തിന്റെ കാർഷിക വ്യവസ്ഥയെ പുഷ്ടിപ്പെടുത്തുന്ന മലയോര മേഖലയിലെ വിളകളായ കാപ്പി, ഏലം, കുരുമുളക്, ഇഞ്ചി, വാഴ തുടങ്ങിയ വിഭവങ്ങളുടെ കൃഷിയിലും വിലയിലുമുണ്ടായ തകർച്ച 2002-2007 വർഷങ്ങളിൽ കർഷക സമൂഹത്തിനു ഭീഷണി ഉയർത്തുകയും ദുരന്തത്തിന് വഴിതെളിയിക്കുകയും ചെയ്തു. ഇത് സംസ്ഥാനത്തിന്റെ മലയോര മേഖലയെ മൊത്തത്തിൽ ബാധിച്ചുവെങ്കിലും വയനാട് ജില്ലയെയാണ് വ്യാപകമായി ബാധിച്ചത്. കൂടുതൽ കർഷക ആത്മഹത്യകൾ നടന്നതും വയനാട് ജില്ലയിൽ തന്നെ. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ നൂറുകണക്കിന് കർഷക ആത്മഹത്യകൾ നടന്നുവെന്നത് ഈ വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും വെളിപ്പെടുത്തുന്നു.

മേൽ പശ്ചാത്തലത്തിലാണ് പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ കാർഷിക പ്രതിസന്ധിയെത്തുടർന്ന് ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളുന്നതിനും കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ സംബന്ധിച്ച ചോദ്യത്തിന് റീജിയണൽ ഗ്രാമീണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക കടങ്ങൾ ബാങ്കുകൾ എഴുതിതള്ളുന്നതാണെന്നും ബാക്കിതുക സർക്കാർ പ്രസ്തുത ബാങ്കുകൾക്ക് നൽകുന്നതാണെന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകൾ അതാത് സ്ഥാപനങ്ങൾ എഴുതിതള്ളുന്നതാണെന്നും നിയമസഭയിൽ സർക്കാർ നൽകിയ ഉറപ്പ് ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി സൂക്ഷ്മമായി പരിശോധിക്കുന്നതിന് തീരുമാനിച്ചത് (ഉറപ്പ് നമ്പർ 64). ഈ ഉറപ്പ് സംബന്ധിച്ച തുടർനടപടികൾ പരിശോധിക്കുന്നതിന്റെ

ഭാഗമായി സമിതി വയനാട് ജില്ല സന്ദർശിക്കുകയും റവന്യൂ, കൃഷി വകുപ്പുകൾ, ധനകാര്യസ്ഥാപനങ്ങൾ, കർഷക പ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും കർഷക ആത്മഹത്യ നടന്ന ഭവനം സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിലും ഇത് സംബന്ധിച്ച് തുടർന്നുനടന്ന തെളിവെടുപ്പ് യോഗങ്ങളിലും ഭവന സന്ദർശനവേളയിലും ഉയർന്നുവന്ന അഭിപ്രായങ്ങളുടെയും നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ രൂപീകരിച്ച നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഏലം, ഗ്രാമ്പൂ, കുരുമുളക്, കാപ്പി, തേയില തുടങ്ങിയ സുഗന്ധവിളകൾക്കും തോട്ടവിളകൾക്കും പ്രസിദ്ധമായ കേരളത്തിലെ മലയോരജില്ലയായ വയനാട് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കർഷകരുടെ വ്യാപകമായ ആത്മഹത്യകളാൽ വാർത്തകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. കർഷകരുടെ കടബാദ്ധ്യതയും തൽഫലമായുള്ള ആത്മഹത്യകളും ഏറ്റവുമധികം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും ഇന്നും തുടർന്നു കൊണ്ടിരിക്കുന്നതുമായ ജില്ല വയനാടാണ്.

വളരെയേറെ വൈവിദ്ധ്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാർഷിക രംഗത്ത് കേരളത്തിലെ, പ്രത്യേകിച്ച് വയനാട്ടിലെ കർഷകർ ഗുരുതരമായ പല പ്രശ്നങ്ങളും നേരിടുന്നു. കാർഷികോത്പന്നങ്ങളുടെ വിലയിടിവ്, കാർഷിക വിളകളുടെ കുറഞ്ഞ ഉല്പാദനക്ഷമത, ഉൽപ്പാദനോപാധികളുടെ വിലവർദ്ധനവ്, കടബാദ്ധ്യത, പ്രകൃതിക്ഷോഭം, കാർഷിക വായ്പകളുടെ ലഭ്യതകുറവ്, തന്മൂലം മറ്റു സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും അമിതപലിശയ്ക്ക് വായ്പ എടുക്കേണ്ടി വരുന്നത്, വിപണന പ്രശ്നങ്ങൾ തുടങ്ങി കർഷകരെ മാനസികമായി തളർത്തുകയും ഒടുവിൽ ആത്മഹത്യയിലേക്ക് നയിക്കുകയും ചെയ്യുന്ന പ്രശ്നങ്ങ ളാണ് അവർ നേരിടുന്നതെന്ന് തെളിവെടുപ്പിലൂടെയും പഠനത്തിലൂടെയും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

വയനാട്ടിൽ കർഷക ആത്മഹത്യകൾ നടന്ന സംഭവങ്ങളിൽ കൃഷിവകുപ്പ് സന്ദർഭത്തിന് അനുസരിച്ച് ഉണർന്നു പ്രവർത്തിച്ചില്ലെന്നും ആത്മഹത്യാ സാഹചര്യം, അതിലേക്ക് നയിച്ച കാരണങ്ങൾ എന്നിവയെക്കുറിച്ച് ബന്ധപ്പെട്ട വകുപ്പുകൾ ഒന്നുംതന്നെ ആധികാരികവും വിശദവുമായ പഠനം നടത്തിയിട്ടില്ലാ എന്നും സമിതി മനസ്സിലാക്കുന്നു. സർക്കാർ എന്ത് ആവശ്യപ്പെടുന്നുവോ അതിന്മേ ലുള്ള റിപ്പോർട്ട് നൽകുക എന്നുള്ള ചുമതല മാത്രമാണ് ഇതുമായി ബന്ധപ്പെട്ട വകുപ്പും സ്ഥാപനങ്ങളും നിർവ്വഹിക്കുന്നത്. കർഷക ആത്മഹത്യകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയോ അത് സൂക്ഷിച്ചുവയ്ക്കുകയോ ചെയ്തിട്ടില്ലായെന്ന് സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകാൻ വരുത്തുന്ന കാലവിളംബത്തിലൂടെ സമിതി മനസ്സിലാക്കുന്നു. മാത്രമല്ല തെളിവെടുപ്പ് വേളയിൽ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ നൽകിയ വിവരങ്ങൾ ആത്മഹത്യയ്ക്ക് കാരണമാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ സമിതിക്ക് സാധിച്ചിട്ടില്ല. കാർഷിക സംബന്ധമായ ദുരന്തങ്ങളും പ്രതിസന്ധികളും നേരിടുന്ന അവസരത്തിൽ ഇത്തരം സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതിനും രേഖകളും വിശദാംശങ്ങളും ശേഖരിക്കുന്നതിനും ഉടനടി ലഭ്യമാക്കുന്നതിനും സർക്കാരിന് വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ദുരന്തനിവാരണ സംവിധാന ത്തിന് അനുബന്ധമായി ഒരു സ്ഥിരം സംവിധാനം വകുപ്പുതലത്തിൽ ആരംഭി ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ചെറുകിട കർഷകരും പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യുന്നവരുമാണ് ആത്മഹത്യയ്ക്ക് ഇരയാകുന്നത്. ഇതിൽ പാട്ടത്തിന് ഭൂമിയെടുത്ത് കൃഷി ചെയ്യുന്ന വരെക്കുറിച്ച് വകുപ്പ് ഇതുവരെ അവലോകനം നടത്തിയിട്ടില്ലായെന്നും അവർക്ക് ധനസഹായം ഒന്നും നൽകുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. മരണപ്പെട്ടവരിൽ കുറച്ചുപേർക്ക് മാത്രമേ സ്വന്തമായി ഭൂമിയുള്ളൂ. കൂടുതൽ പേരും സംസ്ഥാനത്തിന് പുറത്ത് കർണ്ണാടകയിൽ ഭൂമി പാട്ടത്തിനെടുത്ത് ഇഞ്ചി, വാഴ എന്നിവ കൃഷി ചെയ്ത വരാണ്. വിളകൾക്ക് നടീൽ സമയത്തെക്കാൾ വിളവെടുപ്പ് സമയത്ത് വില വർദ്ധിക്കു മെന്ന പ്രതീക്ഷ പലപ്പോഴും ഉറപ്പാകാതെ വന്നത് കർഷകരെ ദുരിതത്തിലാഴ്ത്തുന്നുണ്ട്. വയനാട്ടിലെ കർഷകരിൽ പലരും വിശേഷിച്ച് ചെറുകിടക്കാർ അമിതപലിശയ്ക്ക് കടമെടുത്താണ് കൃഷി നടത്തുന്നത്. കൃഷിനാശം, വിലത്തകർച്ച, സംഭരണ സംവിധാന ത്തിലെ പോരായ്മകൾ തുടങ്ങിയവ കാരണം നഷ്ടമുണ്ടാകുന്നവർക്ക് വായ്പ സമയത്ത് തിരിച്ചടയ്ക്കാൻ കഴിഞ്ഞെന്നുവരില്ല. കൃഷിയിറക്കണമെങ്കിൽ വീണ്ടും വായ്പയെടുക്കേണ്ട സ്ഥിതിയിലാവും. ഇങ്ങനെ കടക്കെണിയിൽ നിന്നും പുറത്തുകട ക്കാൻ കഴിയാതെ ക്ലേശിക്കുന്നവർ ഒടുവിൽ മനംമടുത്ത് ആത്മഹത്യ ചെയ്യുന്നു. ഇതിനു നിദാനമായിട്ടുള്ള കാർഷിക പ്രശ്നങ്ങൾ പലതുണ്ടെങ്കിലും ബാങ്കുകളിൽ നിന്നും മറ്റ് സ്വകാര്യ പണമിടപാടുകളിൽ നിന്നും അമിതപലിശയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്തതാണ് ഗൗരവമേറിയ പ്രശ്നമായി സമിതി വിലയിരുത്തുന്നത്.

സ്വർണ്ണപ്പണയത്തിന്മേലാണ് ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും 4 ശതമാനം പലിശനിരക്കിൽ കാർഷിക വായ്പ കൂടുതലായും നൽകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. വസ്തു ഈടിന്മേൽ ഓരോ കാർഷിക വിളയ്ക്കും യഥാർത്ഥ കർഷകന് നൽകിയിട്ടുള്ള കാർഷിക വായ്പയുടെയും മതിയായ കൃഷിസ്ഥല മില്ലാതെ സ്വർണ്ണം ഈടിന്മേൽ നൽകിയ കാർഷിക വായ്പയുടെയും തുക പരിശോധി ക്കുമ്പോൾ ഇത് കൂടുതൽ വ്യക്തമാകുന്നുണ്ട്. ചെറുകിട കൃഷിക്കാർക്ക് സ്വർണ്ണം കൈവശമില്ലാത്തതിനാൽ കൃഷിവായ്പ ലഭിക്കാറുമില്ല. അഥവാ ഉള്ള സ്വർണ്ണം പണയപ്പെടുത്തി വായ്പ ലഭിച്ചാൽ തന്നെ തുക കൃഷി ചെയ്യുന്നതിന് മതിയാവുകയുമില്ല. അതോടൊപ്പം വായ്പ ലഭ്യമാക്കാൻ നേരിടുന്ന കാലതാമസവും മറ്റ് നൂലാമാലകളും ബുദ്ധിമുട്ടും അവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കാനും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ സമീപിക്കുന്നതിനും ഇടയാക്കുന്നു. സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ എടുക്കുന്നത് പ്രധാനമായും കർഷകരല്ല മറിച്ച് വൻകിടക്കാരും സ്വർണ്ണം കൈവശമുള്ളവരുമാണ്. കുറഞ്ഞ പലിശനിരക്കിൽ നൽകുന്ന ഇത്തരം വായ്പകൾ യഥാർത്ഥ കർഷകർക്ക് ഗുണകരമല്ലെന്നും ഈ വായ്പാനയം കാർഷിക മേഖലയുടെ വളർച്ചയ്ക്ക് അനുപേക്ഷണീയമല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. ബാങ്കുകൾവഴി വായ്പ നൽകുന്ന നബാർഡും ധനകാര്യസ്ഥാപനങ്ങളും സാങ്കേതിക കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ച് അവർ വിതരണം ചെയ്യുന്ന വായ്പകൾ തിരിച്ചടയ്ക്കുന്ന തിനുള്ള സാഹചര്യം ഉറപ്പാക്കുക മാത്രമാണ് ചെയ്യുന്നത്. സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പ നൽകുന്നത് പലപ്പോഴും കാർഷിക വായ്പാ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടാണെന്നും നബാർഡ് നൽകുന്ന വായ്പ യഥാർത്ഥ കർഷകർക്ക് എത്തുന്നില്ലായെന്നും കർഷകരോടുള്ള അന്വേഷണത്തിൽ നിന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

ഒരേക്കർ വാഴക്കൃഷിക്ക് പരമാവധി കാർഷിക വായ്പ കൊടുക്കുന്നത് 2,20,000 രൂപയാണ്. എന്നാൽ ഒരേക്കർ ഭൂമി ഇല്ലെങ്കിലും പത്ത് സെന്റ് ഭൂമിയുള്ളവരും ഇത്രയും തുകയ്ക്കുള്ള സ്വർണ്ണം ബാങ്കിൽ പണയംവച്ചാൽ 4% പലിശനിരക്കിൽ കാർഷിക വായ്പ അനുവദിക്കുന്നതു കാരണം സ്വർണ്ണം കൈവശമുള്ളവരും ബ്ലേഡ് കമ്പനിക്കാരുമാണ് പ്രസ്തുത വായ്പ പ്രയോജനപ്പെടുത്തുന്നത്. മാത്രമല്ല ഇത്തരക്കാർ ഗോൾഡ് ലോണിന്മേൽ ഒരു ലക്ഷം രൂപ കുറഞ്ഞ പലിശയ്ക്ക് വാങ്ങി വായ്പ ആവശ്യമുള്ള കർഷകർക്ക് ഉയർന്ന പലിശയ്ക്ക് നൽകുന്ന പ്രവണത വയനാട്ടിൽ വ്യാപകമാണ്. ഇത്തരക്കാർ വായ്പ കൃത്യമായും തിരിച്ചടയ്ക്കുകയും ബാങ്കുകളുടെ കണക്കുകളിൽ കാർഷിക ആവശ്യത്തിന് കോടിക്കണക്കിന് രൂപ വിനിയോഗിക്കപ്പെട്ടതായി വരികയും ചെയ്യുന്നു. ചുരുക്കത്തിൽ യഥാർത്ഥ കർഷകന് കാർഷിക വായ്പകളുടെ പ്രയോജനം വിരളമായേ ലഭിക്കുന്നുള്ളു. യഥാർത്ഥ കർഷകന് തന്നെയാണോ കാർഷികവായ്പ ലഭിക്കുന്നതെന്ന് പരിശോധിക്കുന്നതിനും കാലതാമസം ഒഴിവാക്കികൊണ്ട് വായ്പകളുടെ കുറ്റമറ്റ വിതരണം കാര്യക്ഷമമാക്കുന്നതിനും ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഭൂമി ഈടിന്മേൽ കാർഷികേതര ആവശ്യങ്ങൾക്ക് വൻതുക കൂടുതൽ കാലത്തേക്ക് നൽകുമ്പോൾ ഒരേക്കർ ഭൂമിക്ക് കാർഷിക ആവശ്യത്തിന് കുറഞ്ഞ കാലത്തേക്ക് 40,000 രൂപ മാത്രമാണ് ലഭിക്കുന്നത്. ഇതിനായി തന്നെ കാലതാമസവും ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു. ഈ തുക കൃഷിക്ക് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ സ്വർണ്ണം ഈടായി നൽകുന്നില്ലെങ്കിൽ ഉയർന്ന പലിശയ്ക്കുള്ള കാർഷികേതര വായ്പകൾ എടുക്കാൻ കർഷകരെ ബാങ്കുകൾ നിർബന്ധിതരാക്കുന്നു. യഥാസമയം വായ്പകൾ നൽകാതെയും 24% പോലുള്ള ഉയർന്ന പലിശനിരക്കിലുള്ള മറ്റ് വായ്പകൾ നൽകിയും ബാങ്കുകൾ കർഷകരെ ബുദ്ധിമുട്ടിക്കുന്നതായി സമിതി കണ്ടെത്തി. ഉയർന്ന പലിശനിരക്കുമൂലം മുടക്കുമുതൽ തിരിച്ചുകിട്ടാതെവരുമ്പോൾ കർഷകർ മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ സമീപിച്ച് വീണ്ടും വായ്പയെടുക്കുവാൻ നിർബന്ധിതരാകുന്നു. കർഷകരുടെ കുട്ടികൾക്കായി എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ബാങ്കുകൾ കർഷകർക്ക് ലോൺ അനുവദിക്കാറില്ല. ബാങ്കുകളുടെ കർഷകരോടുള്ള ഈ സമീപനരീതി മാറണമെന്നും കർഷകരെ സഹായിക്കാൻ ബാദ്ധ്യസ്ഥരായ ബാങ്കുകൾ പലപ്പോഴും സ്വകാര്യപണമിടപാടുസ്ഥാപനങ്ങളെപ്പോലെ പ്രവർത്തിക്കുന്നതായും സമിതിക്ക് അഭിപ്രായമുണ്ട്. പൊതുവേ വാണിജ്യ ബാങ്കുകൾക്ക് പ്രത്യേകിച്ച് ന്യൂ ജനറേഷൻ ബാങ്കുകൾക്ക് കർഷക സമൂഹത്തോട് ഒരു നിസ്സംഗ മനോഭാവം ഉള്ളതിനാൽ വായ്പാ ഗുണഭോക്താക്കൾ കൂടുതലും സമൂഹത്തിലെ ഉന്നതതലത്തിലുള്ളവരാകുന്നു. കർഷകർക്ക് ഗുണകരമല്ലാത്ത വായ്പാ വ്യവസ്ഥകൾ മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായതിനാൽ ഫലപ്രദമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ ഗുണഭോക്താക്കൾ യഥാർത്ഥ കർഷകരാണെന്ന് ഉറപ്പ് വരുത്തുന്നതിനും വായ്പാ വ്യവസ്ഥകളും നിബന്ധനകളും ഉദാരമാക്കി കാലതാമസമില്ലാതെ വായ്പകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും സമഗ്രമായ ഒരു കാർഷിക വായ്പാനയം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

വായ്പകൾക്ക് നിബന്ധനകൾ രൂപീകരിക്കുന്ന സമിതിയിൽ ചെറുകിട കർഷരെയും പാട്ടകൃഷിക്കാരെയും ഉൾപ്പെടുത്തിയിട്ടില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ട വിഷയമാണ്. ഇതിനാൽ എണ്ണത്തിൽ കൂടുതലുള്ള ഇവരുടെ കാര്യം പരിഗണിക്കപ്പെടാതെ പോകുന്ന സ്ഥിതിവിശേഷമുണ്ട്. ടെക്നിക്കൽ കമ്മിറ്റി ലോൺ നൽകുന്നതിന്റെ മാനദണ്ഡം നിശ്ചയിക്കുന്നതിൽ അപാകതയുണ്ടെന്നും കർഷകന് ആവശ്യമുള്ള തുകയും അനുവദിക്കുന്ന തുകയും തമ്മിൽ പൊരുത്തമില്ലെന്നും അതിനാൽ കർഷകർക്ക് സ്വകാര്യ ബ്ലേഡ് കമ്പനികളെ ആശ്രയിക്കേണ്ടിവരുന്നുവെന്നും സമിതി വിലയിരുത്തുന്നു. ഇപ്പോഴുള്ള ടെക്നിക്കൽ കമ്മിറ്റി യോഗങ്ങളിൽ കർഷക പ്രതിനിധിയെ ഉൾപ്പെടുത്താറില്ലെന്നും ടെക്നിക്കൽ കമ്മിറ്റിയിൽ കർഷക പ്രതിനിധികളായിട്ടുള്ളവർ കർഷകരല്ല, മറിച്ച് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരാണെന്നുമുള്ള പരാതി സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. വായ്പ നൽകുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന ടെക്നിക്കൽ കമ്മിറ്റിയിൽ കർഷകന് അർഹമായ പ്രാതിനിധ്യം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

**കാർഷിക വായ്പാനയം**

കർഷകനെ അമിതപലിശയീടാക്കുന്ന സ്വകാര്യ പണമിടപാടുകാരിൽ നിന്ന് മോചനം നൽകി കുറഞ്ഞ പലിശനിരക്കിൽ കൃഷിക്കാവശ്യമായ പണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ കാർഷിക വായ്പയ്ക്ക് തുടക്കം കുറിച്ചത്. ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം വായ്പയായി തിരികെ ഇടപാടുകാർക്ക് നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഇങ്ങനെ നൽകുന്ന വായ്പകളിൽ സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെ 18%-ത്തിൽ കുറയാത്ത തുക കാർഷികമേഖലയ്ക്ക് നൽകിയിരിക്കണം എന്ന് റിസർവ്വ് ബാങ്ക് വായ്പാ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പലിശ നിരക്കുകൾ മാത്രമേ ഇത്തരം കാർഷിക വായ്പകൾക്ക് ഈടാക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 2009 മുതൽ 2011 വരെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയിൽ അവതരിപ്പിച്ച കാർഷിക വായ്പയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| *വർഷം കൃഷി* | *ദീർഘകാല വായ്പ* | *ഹ്രസ്വകാല വായ്പ* | *സർണ്ണപ്പണയ വായ്പ* |
|---|---|---|---|
| മാർച്ച് 2009 | 18836 | 15633 | 10943 |
| മാർച്ച് 2010 | 24124 | 20022 | 14016 |
| മാർച്ച് 2011 | 28601 | 23738 | 16617 |

മൊത്തം കൃഷിവായ്പയുടെ കണക്ക് എസ്.എൽ.ബി.സി.യിൽ നിന്ന് (തുക കോടി രൂപയിൽ)

കാർഷിക വായ്പയിൽ ബാങ്കുകൾ ലക്ഷ്യം നേടുമ്പോഴും കർഷകർ എന്തുകൊണ്ടാണ് ആത്മഹത്യ ചെയ്യേണ്ടിവരുന്നത് എന്നകാര്യം സമിതി വിശദമായ പഠനത്തിന് വിധേയമാക്കുകയുണ്ടായി. സമിതിയുടെ അന്വേഷണത്തിൽ

തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗമായ സ്റ്റാച്യൂ ജംഗ്ഷനിലെ ഒരു ബാങ്ക് ശാഖ കഴിഞ്ഞ 3½ വർഷം കൊണ്ട് 223 പേർക്ക് 3.47 കോടി രൂപ കാർഷിക വായ്പ നൽകുകയുണ്ടായി. എറണാകുളം നഗരമേഖലയിലെ വിവിധ ശാഖകൾ 2010 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള 8 മാസം കൊണ്ട് 2095 കർഷകരെ കണ്ടെത്തി 31.54 കോടി രൂപ വിതരണം ചെയ്തു. ഇത്തരത്തിലാണ് ബാങ്കുകൾ കാർഷികവായ്പകൾ വിതരണം ചെയ്ത് അവരുടെ ലക്ഷ്യം കൈവരിക്കുന്നത്. ഇപ്രകാരം ബാങ്കുകൾ നൽകുന്ന തുക കാർഷിക മേഖലയിൽ മുതൽമുടക്കിയിരുന്നുവെങ്കിൽ സംസ്ഥാനത്താകെ കാർഷിക മേഖലയിൽ നിന്ന് ലഭിക്കുമായിരുന്ന വരുമാനം സംസ്ഥാനത്തെ ഒന്നോ രണ്ടോ വർഷം കൊണ്ട് സ്വയംപര്യാപ്തതയിൽ എത്തിക്കുമായിരുന്നു എന്ന് സമിതി കരുതുന്നു. കാർഷികമേഖല എന്ന രീതിയിൽ കണക്കുകളിൽ കൃത്രിമം കാണിച്ച് വിതരണം ചെയ്യുന്ന കോടിക്കണക്കിന് രൂപ സമ്പദ്‌വ്യവസ്ഥയെ തകിടം മറിക്കുന്നുവെന്നു മാത്രമല്ല കാർഷികമേഖലയ്ക്ക് കൈവരിക്കാനാകാത്ത നേട്ടം ഉണ്ടാക്കിക്കൊടുത്തുകൊണ്ടുള്ള രേഖകൾ വ്യവസ്ഥാപിതമായി നമ്മുടെ കണക്കുകളിൽ ഇടം തേടുന്നതായും സമിതി വിലയിരുത്തുന്നു.

മേൽസാഹചര്യങ്ങളിൽ കാർഷികമേഖലയുടെ ഉന്നമനത്തിനായി വകയിരുത്തുന്ന തുക ആ മേഖലയിൽ തന്നെ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്താനാകുംവിധമുള്ള വ്യവസ്ഥകളോടെ മാത്രമേ ബാങ്കുകൾ കാർഷികവായ്പകൾ വിതരണം ചെയ്യാവൂവെന്നും രേഖകൾ കാണിച്ച് ബാങ്കുകൾ നടത്തുന്ന അഴിമതി അവസാനിപ്പിക്കുന്നതിന് ഈ മേഖലയിൽ ഒരു സമഗ്രമായ പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ കാർഷിക വായ്പാനയം രൂപീകരിക്കണമെന്നും കർഷക ആത്മഹത്യാ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ**

2008-2009-ലെ കേന്ദ്ര ബഡ്ജറ്റിലാണ് 7200 കോടിയുടെ കാർഷിക വായ്പാകടം എഴുതിത്തള്ളുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതും അതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയതും. ഇതിൽ ശ്രദ്ധേയമായ കാര്യം കാർഷികവായ്പാക്കടം എഴുതിത്തള്ളിയവരെ തെരഞ്ഞെടുത്തപ്പോൾ ഒരുതവണ പോലും വായ്പ തിരിച്ചടയ്ക്കാത്തവർക്കാണ് അതിന്റെ പ്രയോജനമുണ്ടായത് എന്നതാണ്. മറിച്ച് കുറച്ചെങ്കിലും തുക തിരികെ അടച്ചവരെ പട്ടികയിൽ നിന്ന് ഒഴിവാക്കിയതായുള്ള പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. അതോടൊപ്പം കരം തീർത്ത രസീത് ഹാജരാക്കി കുറഞ്ഞ പലിശ നിരക്കിൽ ലോൺ സമ്പാദിക്കുകയും അതിൽ ഒരു പൈസ പോലും കാർഷിക മേഖലയിൽ മുതൽമുടക്കാതിരിക്കുകയും ചെയ്ത യഥാർത്ഥ കർഷകരല്ലാത്തവർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു. ആത്മഹത്യ ചെയ്ത ഒരു കർഷകനുപോലും വായ്പ എഴുതിതള്ളിയതിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതും ഇതിനൊരു തെളിവായി സമിതി മനസിലാക്കുന്നു. വായ്പാ കുടിശ്ശിക എഴുതിത്തള്ളൽ കർഷക ആത്മഹത്യ കുറയ്ക്കുന്നതിന് ഒട്ടുംതന്നെ പ്രയോജനപ്പെട്ടിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. മറിച്ച് കരം തീർത്ത രസീതിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണം ബാങ്കുകളിൽ പണയം വച്ച് തുക സമ്പാദിച്ചവർക്ക് മുഴുവൻതുകയും ബാങ്കുകളിൽ നിന്ന് എഴുതിത്തള്ളി കിട്ടിയതായിട്ടുള്ള

നിരവധി പരാതികൾ ഇക്കാര്യത്തിൽ ഉയർന്നുവന്നുവെങ്കിലും അതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല എന്നതും വിചിത്രമെന്ന് സമിതി മനസിലാക്കി. സി.എ.ജി.-യുടെ ഓഡിറ്റിന്റെ ഭാഗമായുള്ള ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്കുശേഷം പാർലമെന്റിൽ സമർപ്പിച്ച കാർഷികകടങ്ങൾ എഴുതി തള്ളിയതിനെക്കുറിച്ചുള്ള റിപ്പോർട്ടിൽ രാജ്യത്തൊട്ടാകെ കോടിക്കണക്കിന് രൂപയുടെ തിരിമറി നടന്നതായി വ്യക്തമാക്കിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കല്ലാതെയുള്ള കടങ്ങളും ഇപ്രകാരം എഴുതിത്തള്ളിയിട്ടുള്ളതായും ഇതിനായി ബാങ്ക് രജിസ്റ്ററുകളിൽ വെട്ടിത്തിരുത്ത് വരുത്തിയതായും റിപ്പോർട്ട് വെളിപ്പെടുത്തുന്നു.

മേൽസാഹചര്യത്തിൽ കാർഷികവായ്പാ കുടിശ്ശിക എഴുതിത്തള്ളിയ നടപടി സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കണമെന്നും അർഹതയില്ലാത്തവർക്ക് ലഭിച്ച തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിൽ പങ്കാളികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ഭാവിയിൽ ഇത്തരം സാധ്യതകൾ മുൻകൂട്ടി കണ്ട് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**സ്വർണ്ണ വായ്പാ പദ്ധതി**

കർഷക ആത്മഹത്യയുടെ കാരണങ്ങൾ പഠിച്ച സമിതി സ്വർണ്ണം പണയം നൽകിക്കൊണ്ടുള്ള കാർഷികവായ്പാ പദ്ധതികൾ കാർഷിക ആവശ്യങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെടുന്നുവെന്നും ഇവ കർഷക ആത്മഹത്യകൾ കുറയ്ക്കുന്നതിന് സഹായകരമാവുന്നുണ്ടോയെന്നും പഠിക്കുകയുണ്ടായി. സാധാരണ കൃഷിക്കാരിൽ ഭൂരിപക്ഷവും സ്വർണ്ണവായ്പാ പദ്ധതിയിൽ വായ്പ ലഭിക്കത്തക്കവണ്ണം സ്വർണ്ണത്തിന് ഉടമകളല്ല.

വ്യവസ്ഥകൾക്ക് വിധേയമായി 4% പലിശയ്ക്ക് 3 ലക്ഷം രൂപവരെ സ്വർണ്ണ പണയത്തിന്മേൽ കാർഷികവായ്പ ലഭിക്കുന്നുണ്ട്. സ്വർണ്ണത്തോടൊപ്പം വസ്തുവിന്റെ കരം തീർത്ത രസീത് ഹാജരാക്കിയാൽ മതി. കരം തീർത്ത രസീത് വായ്പാക്കാരന്റേതാണോ എന്ന് ബാങ്കുകൾ നോക്കാറേ ഇല്ല. വസ്തുവിൽ എത്ര മാത്രം കൃഷിയുണ്ട് എന്നും എന്താണ് കൃഷിയെന്നോ, കൃഷിയുണ്ടോ എന്നുപോലും ബാങ്കുകൾ നോക്കാറില്ല. വായ്പ നൽകുന്നതിന് പിൻബലമായി മതിയായ സ്വർണ്ണം ലഭ്യമാക്കിയിട്ടുണ്ടോ എന്ന പരിശോധന മാത്രമാണ് നടക്കുന്നത്. ഇതേ നടപടിക്രമങ്ങൾ തന്നെയാണ് സഹകരണ മേഖലയിലും സ്വീകരിച്ചുവരുന്നത്. ഈ മേഖലയിൽ പഠനം നടത്തിയ സമിതിക്ക് ഞെട്ടിപ്പിക്കുന്ന സത്യങ്ങളാണ് കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളത്. ലോക്കറുകൾ വാടകയ്ക്ക് നൽകുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ നല്ലൊരു തുക വാടകയായും സ്ഥിരനിക്ഷേപമായും സ്വീകരിക്കാറുമുണ്ട്. ലോക്കറുകളിലെ സ്വർണ്ണത്തിന്റെ സുരക്ഷാ ബാധ്യത ബാങ്കുകൾ ഏറ്റെടുക്കാറില്ല. സ്വർണ്ണം ലോക്കറുകളിൽ സൂക്ഷിക്കുന്നതിനുപകരം കാർഷിക വായ്പയെടുക്കുകയാണെങ്കിൽ 4% പലിശയ്ക്ക് തുക ലഭിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന തുക അതേ ബാങ്കുകളിൽ 10% വരെ പലിശയ്ക്ക് സ്ഥിരം നിക്ഷേപത്തിന് ബാങ്കുകൾ തന്നെ ഉപദേശം നൽകി സ്വീകരിക്കുന്നുമുണ്ട്. ഈ തുക ഒരിക്കലും കാർഷികമേഖലയിൽ പ്രയോജനപ്പെടുത്തുന്നില്ല. ഈ സംവിധാനക്രമം സഹകരണ സ്ഥാപനങ്ങൾ തന്നെ അനുവർത്തിക്കുന്നു

എന്നുമാത്രമല്ല ഇതേ തന്ത്രങ്ങൾ സ്വകാര്യ പണമിടപാടുകാർ വ്യാപകമായി പ്രയോജനപ്പെടുത്തുന്നതായും സമിതി കണ്ടെത്തുകയുണ്ടായി. സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും 100 രൂപയ്ക്ക് ദിവസം 5 രൂപ മുതൽ 10 രൂപ വരെ പലിശയീടാക്കിക്കൊണ്ടാണ് പണം കടം കൊടുക്കുന്നത്. ചില വ്യവസ്ഥാപിത സ്വകാര്യ സ്ഥാപനങ്ങൾ തന്നെ 12% മുതൽ 24% വരെ വാർഷിക പലിശ നിശ്ചയിച്ചുകൊണ്ട് സ്വർണ്ണവായ്പ നൽകുന്നുണ്ട്. ഇതോടൊപ്പം ഇവർ ഇടപാടുകാരിൽ നിന്നും കരം തീർത്ത രസീതും വാങ്ങുന്നതായും ഈ രേഖ ഉപയോഗപ്പെടുത്തി ബാങ്കുകളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും 4% പലിശയ്ക്ക് അതേ സ്വർണ്ണം പണയപ്പെടുത്തി കാർഷികവായ്പ നേടുന്നതായും സമിതി കണ്ടെത്തുകയുണ്ടായി. ഇത്തരത്തിൽ സംസ്ഥാനത്താകെ വൻതോതിൽ സമാന്തര ധനകാര്യ വിനിമയം നടക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കാർഷിക വായ്പകൾക്ക് പലിശയിളവും എഴുതിത്തള്ളലും മൊറട്ടോറിയം പ്രഖ്യാപനവും നൽകുമ്പോഴും ഈയിനത്തിൽ വൻതുക സ്വകാര്യ വ്യക്തികളുടെ കൈകളിൽ എത്തിച്ചേരുന്നതായും സമിതി കണ്ടെത്തുകയുണ്ടായി. ഇപ്പോൾ 3 ലക്ഷം രൂപവരെ രേഖയില്ലാതെ സ്വർണ്ണപണയത്തിന്മേൽ പലിശരഹിതവായ്പയായി കർഷകർക്ക് നൽകുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ബാങ്കുകളിൽ നിന്ന് വൻതുക തന്നെ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ടാഴ്ച കൊണ്ട് സ്വകാര്യ വ്യക്തികളിൽ എത്തിച്ചേരുകയും പലരും തിരികെ ബാങ്കുകളിൽ തന്നെ തുക നിക്ഷേപിക്കുകയോ വൻപലിശ ഈടാക്കി നാട്ടിൽ വിതരണം ആരംഭിക്കുകയോ ചെയ്തിട്ടുണ്ട്.

മേൽസാഹചര്യത്തിൽ നാടിന്റെ സമ്പദ്‌വ്യവസ്ഥയെ തകിടംമറിക്കുന്ന നിലവിലെ സ്വർണ്ണത്തിന്മേലുള്ള കാർഷിക വായ്പാ പദ്ധതികൾക്ക് സമൂലമായ മാറ്റം ഉടനടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കാർഷികവായ്പകൾ കാർഷിക മേഖലയിൽ തന്നെ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഈ സ്വർണ്ണ വായ്പാ പദ്ധതിയിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് സ്വർണ്ണവായ്പ നൽകുന്നവരെ ആന്റിമണി ലോണ്ടറിംഗ് ആക്ടിന്റെ പരിധിയിൽപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**കുടുംബസംരക്ഷണ പദ്ധതി**

കാർഷികമേഖല വിവിധ കാരണങ്ങളാൽ ഇന്ന് സാധാരണ കർഷകന് ഒരു ജീവസന്ധാരണ മാർഗ്ഗമായി അവലംബിക്കുവാൻ സാധിക്കാത്ത രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ഉല്പാദന ചെലവും വിവിധ പ്രതിസന്ധികളും ഉല്പന്നങ്ങളുടെ വിലയിടിവും വിപണനമേഖലയിലെ കച്ചവടക്കാരുടെ ആധിപത്യവും ഉല്പാദകരായ കർഷകരെ കാർഷികവൃത്തിയിൽ നിന്ന് പിൻതിരിപ്പിക്കുന്ന ഘടകങ്ങളാണ്. മറ്റു മാർഗ്ഗമില്ലാതെ ഈ മേഖലയിലേക്ക് എത്തിപ്പെടുന്നവർ അവസാനം ആത്മഹത്യയുടെ പാത തെരഞ്ഞെടുക്കുന്ന അവസ്ഥയിലേക്ക് എത്തുന്നതായാണ് സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചത്. കർഷകനായ ഗൃഹനാഥൻ ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ സ്ഥിതി വളരെ പരിതാപകരമാണെന്നും അവർക്കായി സർക്കാരുകൾ സംരക്ഷണ പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടില്ലെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കാർഷികവൃത്തിയിൽ മാത്രം ഏർപ്പെട്ടുവരുന്ന സാധാരണ

കർഷകർക്ക് തങ്ങളുടെ ജീവിത ആവശ്യങ്ങൾ യഥാവിധി നടത്തിക്കുന്നതിന് ഈ മേഖല പര്യാപ്തമല്ലാതായിത്തീർന്നിരിക്കുകയാണ്. ഇതിന് പരിഹാരമായി നിർദ്ദേശിക്കാവുന്ന മാർഗ്ഗങ്ങൾ കാർഷിക മേഖലയിലെ ആത്മഹത്യക്ക് നിതാന്തമായ പ്രതിവിധിയാകുമെന്ന് സമിതി പ്രതീക്ഷിക്കുകയാണ്.

ദൈനംദിന ചെലവുകൾക്കുപരിയായി പാർപ്പിടപ്രശ്നം, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, രോഗചികിത്സാ ചെലവുകൾ എന്നിവയ്ക്കുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതോടൊപ്പം സാമൂഹ്യസ്ഥിതിക്ക് അനുപൂരിതമായ ജീവിത നിലവാരം ഉറപ്പാക്കുന്ന ഒരു സംരക്ഷണ സംവിധാനം നാടിന്റെ നട്ടെല്ലായ കർഷകർക്കായി വിഭാവന ചെയ്ത് നടപ്പിലാക്കുവാൻ സർക്കാർ യത്നിക്കേണ്ടതാണ്. ഇതിനായി ഓരോ വർഷവും ബജറ്റിൽ നിന്ന് നിശ്ചിത ശതമാനം തുക (10%-ൽ കുറയാത്ത തുക) ചെലവഴിക്കണമെന്നും കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**ഇൻഷ്വറൻസ് പരിരക്ഷ**

കർഷക ആത്മഹത്യകൾ ഏറ്റവും കൂടുതലായി കണ്ടെത്തുവാൻ സാധിച്ചത് ഏലം, ഇഞ്ചി, കുരുമുളക് എന്നീ വിളകളിൽ ഏർപ്പെട്ടിരുന്ന കർഷകരിലാണ്. അതുപോലെ വാഴ, വിവിധ മലക്കറികൾ എന്നീ കൃഷികളിൽ ഏർപ്പെട്ടിരുന്നവരിലും ആത്ഹത്യകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. മൂലധനലഭ്യതയില്ലായ്മ, രോഗങ്ങൾ, പ്രതികൂല കാലാവസ്ഥ, വിലക്കുറവ്, വിപണനമേഖലയുടെ അപര്യാപ്തത, കച്ചവട മേൽക്കോയ്മ തുടങ്ങിയ വിവധ ഘടകങ്ങൾ ആത്മഹത്യാസാധ്യതയ്ക്ക് ഇടയാക്കുന്നതായി സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഇതിന് പ്രതിവിധിയായി കണ്ടെത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ വേണ്ടത്ര ഫലപ്രദമല്ലെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. എല്ലാ വിളകളേയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. പരിരക്ഷയായി നൽകുന്ന തുക അടുത്ത കൃഷിക്കുപോലും തികയുന്നില്ല. തുക യഥാവിധി ലഭിക്കുന്നില്ല. തുക ലഭിക്കുന്നതിലുള്ള കടമ്പകൾ പ്രയാസമേറിയതും കർഷകരെ ഈ മേഖലയിൽ നിന്ന് അകറ്റിനിർത്തുന്നതുമാണ്. നിലവിൽ കാർഷിക വിളകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയിൽ പ്രീമിയം തുകയുടെ ഒരു വിഹിതം അടയ്ക്കേണ്ടതിന്റെ ബാധ്യത കർഷകരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. കൃഷി ചെയ്യാൻ ലോണെടുക്കേണ്ടിവരുന്ന കർഷകന് പ്രസ്തുത പ്രീമിയം തുക കണ്ടെത്തുക ഒരു ബാധ്യതയായി അനുഭവപ്പെടുന്നുവെന്ന കാര്യം സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. പെട്രോളിയം ഉല്പന്നങ്ങളുടെ അമിത ഉപഭോഗം കാലാവസ്ഥ വ്യതിയാനത്തിനും അതുവഴി കാലാവസ്ഥയെ ആശ്രയിക്കുന്ന വിളകൾക്കും ദോഷകരമായി പ്രവർത്തിക്കുന്ന ഘടകങ്ങളിലൊന്നാണ്. ഈ അവസരത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെമേൽ ചുമത്തുന്ന നികുതിയുടെ വളരെ ചെറിയൊരു ശതമാനം കർഷകരുടെ വിള ഇൻഷ്വറൻസിനുള്ള പ്രീമിയമായി മാറ്റണമെന്ന വ്യവസ്ഥ ഈ മേഖലയിൽ ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

മേൽ സാഹചര്യത്തിൽ എല്ലാ കാർഷികവിളകളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിവിധ കാർഷിക ചെലവുകൾ, അദ്ധ്വാനവിഹിതം,

ന്യായമായ ലാഭം എന്നിവ ഉൾപ്പെടുത്തി വേണം ഇൻഷ്വറൻസ് തുക നിശ്ചയിക്കേണ്ട തെന്നും കൃഷിനാശം സംഭവിക്കുമ്പോൾ പരിരക്ഷ നിശ്ചിത കാലാവധിക്കകം ലഭിക്കുന്നതിനുവേണ്ട ക്രമീകരണം ചെയ്യണമെന്നും ഇൻഷ്വറൻസ് പ്രീമിയം തുക അടയ്ക്കുന്നതിൽ നിന്ന് കർഷകരെ പൂർണ്ണമായി ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

വയനാട്ടിലെ കർഷകർ പ്രത്യേകമായി നേരിടുന്ന ദാരുണമായ പ്രശ്നമാണ് അവരുടെ കാർഷിക വിളകൾക്കുമേൽ ഉണ്ടാകുന്ന വന്യമൃഗങ്ങളുടെ കടന്നാക്രമണം. ഇതുമൂലം വിളനാശം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരവും പുനർകൃഷിക്ക് ധനസഹായവും യഥാസമയം ലഭിക്കുന്നില്ല എന്നുള്ള വസ്തുത സമിതി മനസ്സിലാക്കി. വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ കൃഷിസ്ഥലത്തിനു ചുറ്റും വൈദ്യുതീകരിച്ച കമ്പിവേലികൾ കെട്ടി സംരക്ഷിക്കണമെന്നും ഇൻഷ്വറൻസ് പരിരക്ഷ വന്യമൃഗ ആക്രമണം മൂലമുള്ള കൃഷിനാശത്തിനുംകൂടി ബാധകമാക്കണമെന്നും ഇവർക്ക് പുനർകൃഷി വായ്പയ്ക്ക് മുൻഗണന നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**അടിസ്ഥാനവിവര ലഭ്യത**

അടിസ്ഥാനവിവരങ്ങളുടെ ദൗർലഭ്യം, ഉള്ള വിവരങ്ങൾതന്നെ യഥാസമയം ലഭിക്കാതിരിക്കുക, വിവരശേഖരണത്തിലെ ഉദാസീനത, കാലതാമസം എന്നിവ മറ്റു വികസന മേഖലയിലെന്നതുപോലെ കർഷകരുടെ മേഖലയിലും പ്രതിസന്ധികൾ സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്. കർഷകരുടെ വിശദാംശങ്ങൾ അവർ കൈവശം വെച്ചിരിക്കുന്ന കൃഷിഭൂമിയുടെ അളവ്, അതിലെ കാർഷിക വിഭവങ്ങൾ എന്നിവ എല്ലാ പത്ത് വർഷത്തിലൊരിക്കൽ നടത്തുന്ന സെൻസസിനെ അടിസ്ഥാനമാക്കി ലഭിക്കുന്ന ഘടകങ്ങളാണ്. സർക്കാർ കാലാകാലങ്ങളായി കാർഷിക മേഖലയിൽ പ്രഖ്യാപിക്കുന്ന വികസനപദ്ധതികളുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് ലഭിക്കാതെ പോകുന്നത് കർഷക ആത്മഹത്യക്ക് ഇടയാക്കുന്ന ഘടകമാണ്. കൃഷി എന്താണെന്ന് കണ്ടിട്ടില്ലാത്തവർക്കും ബാങ്കുകളിൽ നിന്ന് കൃഷിക്ക് വായ്പ ലഭിക്കുന്ന അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നതെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുക യുണ്ടായി. യഥാർത്ഥ കർഷകർക്ക് തന്നെ സർക്കാരിന്റെ കാർഷികവികസന പദ്ധതി കളുടെ പ്രയോജനം ലഭ്യമാക്കണം. എത്ര കർഷകർ അതതു കാലങ്ങളിൽ എന്തെല്ലാം കൃഷി ചെയ്യുന്നുണ്ട്, എവിടെയെല്ലാം, എന്തെല്ലാം വിഭവങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നു, അവ യഥാവിധി ശേഖരിച്ച് വിപണനം സാധ്യമാക്കുന്നുണ്ടോ തുടങ്ങിയ കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നുംതന്നെ ഇപ്പോൾ ലഭ്യമല്ല എന്നുള്ളതും സമിതിക്ക് ബോദ്ധ്യമായ കാര്യങ്ങളാണ്. കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ യഥാവിധി ശേഖരിക്കുന്നതിനോ വിപണനം സാധ്യമാക്കുന്നതിനോ ഈ വിവരങ്ങളുടെ അപര്യാപ്തത കാരണമാകുന്നുണ്ട്.

കർഷകരെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കർഷകരുടെ പേര്, വിലാസം, കൈവശ ഭൂമി, ഓരോ കൃഷിയുടേയും വിശദാംശം, സർക്കാരിന്റെ കൃഷി വികസന പദ്ധതികൾ, വായ്പ നൽകിയതിന്റെ വിശദാംശം, കർഷകർ

ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ, വിപണനസാധ്യത, കൃഷി രീതികൾ, കീട നിയന്ത്രണം, വളങ്ങളുടെ ലഭ്യത തുടങ്ങിയ എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടുത്തി ഒരു സമഗ്രമായ വെബ്സൈറ്റ് വിഭാവനം ചെയ്ത് നടപ്പിലാക്കണമെന്നാണ് സമിതി ശുപാർശ ചെയ്യുന്നത്. ഇതിൽ കർഷകർക്ക് അവരുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും അവ ശരിയാണോ എന്ന് തിട്ടപ്പെടുത്തുന്നതിനും സൗകര്യമുണ്ടാക്കണമെന്നും വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ഉപാധിയായി വെബ്സൈറ്റ് പ്രയോജനപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**കുടുംബശ്രീകളുടെ പ്രവർത്തനം**

വികസനപ്രവർത്തനങ്ങൾ സമൂഹത്തിന്റെ അടിസ്ഥാനതലത്തിലെത്തിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുന്ന ഘടകങ്ങളാണ് കുടുംബശ്രീ യൂണിറ്റുകൾ. സമൂഹത്തിൽ നിന്ന് ദാരിദ്ര്യം ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ യൂണിറ്റുകൾക്ക് കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിനും കർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായകരമായ രീതിയിൽ പ്രവർത്തിക്കുന്നതിന് സാധിക്കുമെന്ന് സമിതി വിലയിരുത്തുകയുണ്ടായി.

നിലവിൽ ഒരു വാർഡിലുള്ള ഒരേ അയൽക്കൂട്ടങ്ങളിൽ നിന്നോ വിവിധ അയൽക്കൂട്ടങ്ങളിൽ നിന്നോ കൃഷി ചെയ്യാൻ താല്പര്യവും കഴിവുമുള്ള അംഗങ്ങളെ ചേർത്ത് 4 മുതൽ 10 വരെ കുടുംബശ്രീ വനിതാ അംഗങ്ങളടങ്ങിയ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ഉണ്ടാക്കുന്നു. സംസ്ഥാനത്ത് ഇത്തരത്തിൽ 46987 JLG-കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ 3511 ഗ്രൂപ്പുകൾ ബാങ്കുകളുമായി ലിങ്ക് ചെയ്തിട്ടുണ്ട്. കുടുംബശ്രീ ഉദ്യോഗസ്ഥരുമായുള്ള ചർച്ചയിൽ താഴെപ്പറയുന്ന കാര്യങ്ങൾ സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി :

കുടുംബശ്രീ ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്)-കൾക്ക് ബാങ്ക് വായ്പ നൽകുന്നതിന് എസ്.എൽ.ബി.സി.-യിൽ പ്രത്യേക അജണ്ട വച്ച് ചർച്ച ചെയ്യുകയും തുടർന്ന് ബാങ്കുകൾക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്താൽ ബാങ്ക് വായ്പ ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നതാണ്. കിസാൻ ക്രഡിറ്റ് കാർഡ് നിലവിൽ വ്യക്തികൾക്കാണ് നൽകിവരുന്നത്. ഗ്രൂപ്പുകൾക്കുകൂടി പ്രയോജനപ്പെടുത്തുന്നതിന് എസ്.എൽ.ബി.സി.-യിൽ ചർച്ചചെയ്ത് ബാങ്കുകൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയാൽ ഇത് ലഭ്യമാക്കുവാൻ കഴിയുന്നതാണ്.

ഇത്തരം കർഷകരുടെ പ്രധാന പ്രശ്നം കുറഞ്ഞ പലിശനിരക്കിൽ യഥാസമയം വായ്പ ലഭിക്കുന്നില്ല എന്നതാണ്. ഇതിനായി സർക്കാരിന്റെ പലിശ സബ്സിഡി സ്കീമിൽ സംഘകൃഷി ഗ്രൂപ്പുകൾക്ക് നൽകുന്നതിനും പ്രത്യേക ക്രമീകരണം നൽകേണ്ടതുണ്ട്. കാർഷിക വായ്പകൾ നിലവിൽ 7%, ഇതിൽ 5% പലിശ സബ്സിഡികൂടി സർക്കാർ നൽകുന്നതിനാൽ 2% പലിശനിരക്കിൽ ജെ.എൽ.ജി. കൾക്ക് നിലവിലുള്ള പലിശ സബ്സിഡി സ്കീമിൽ വായ്പ ലഭിക്കുന്നതാണ്. ഇതിന് നിലവിൽ പ്രത്യേക തടസ്സമില്ല. എന്നാൽ സ്കീം നടപ്പിലാക്കുന്നതിന് ബാങ്കിന്റെ പിന്തുണയും സഹകരണവും അനിവാര്യമാണ്.

കൃഷി ചെയ്യാൻ തയ്യാറായി കർഷകർ മുന്നോട്ടുവന്നാലും കൃഷിക്ക് ഭൂമി ലഭിക്കുന്നില്ല എന്നതാണ് കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പാട്ടത്തിന് കൃഷിഭൂമി ലഭ്യമാണെങ്കിലും അത് വൻബാധ്യതയാണ് കൃഷിക്കാർക്കുണ്ടാക്കുന്നത്. ഏക്കറിന് ഏകദേശം 8000-20,000 രൂപ എന്ന നിരക്കിലാണ് കൃഷിഭൂമി പാട്ടത്തിനെടുക്കുന്നതിന്റെ ചെലവ്. ഇത് ലഘൂകരിക്കുന്നതിന് മിതമായ നിരക്കിലോ, സൗജന്യമായോ കൃഷിഭൂമി ലാന്റ് ബാങ്ക് വഴി ലഭ്യമാക്കുന്നത് ഉചിതമായിരിക്കും. തരിശ്ശിട്ടിരിക്കുന്ന കൃഷിഭൂമി ഏറ്റെടുക്കുന്നതിനും സംഘകൃഷി ഗ്രൂപ്പുകൾക്ക് ആവശ്യമായ ഭൂമി മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുമായി ലാന്റ് ബാങ്ക് ക്രമീകരണം കൊണ്ടുവരുന്നതിന് ആവശ്യമായ സർക്കാർ തീരുമാനം ഉണ്ടാകേണ്ടതുണ്ട്.

കൃഷിയെ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതും പഞ്ചായത്തുതലങ്ങളിൽ പ്രസ്തുത പരിപാടി പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രത്യേക ക്രമീകരണങ്ങൾ നടപ്പിലാക്കേണ്ടതുമുണ്ട്. ഗുണനിലവാരമുള്ള വിത്ത് ലഭിക്കാത്തതാണ് സംരംഭകർ നേരിടുന്ന മറ്റൊരു പ്രശ്നം. കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ സഹായിക്കാനാകും. കൂടാതെ ഗുണനിലവാരമുള്ള ഉത്പാദനോപാധികൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം കൃഷിഭവൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് അഭികാമ്യമായിരിക്കും.

കർഷക ആത്മഹത്യകൾ ഏറ്റവും കൂടുതൽ കണ്ടുവരുന്നത് ഇഞ്ചി, കുരുമുളക് എന്നീ നാണ്യവിളകൾ കൃഷി ചെയ്യുന്നവർക്കിടയിലാണ്. ഒരുപാട് മൂലധനം വേണ്ടി വരുന്ന വാഴ തുടങ്ങിയ വിളകളിൽ നഷ്ടം വന്നാൽ കർഷകർക്ക് ധനനഷ്ടം അധികമായി വരുന്നു. അതിനാൽ ഇത്തരം വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് ഇൻഷ്വറൻസ് സംവിധാനം ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്.

**മൈക്രോ ഫിനാൻസ് സംവിധാനങ്ങൾ**

കർഷകരുടേയും തൊഴിലാളികളുടേയും ഇടയിൽ ചില പണമിടപാടു ശൃംഖലകൾ വ്യാപകമായി പ്രവർത്തിക്കുന്നതായി വയനാട് സന്ദർശനവേളയിൽ സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ചില സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളും അന്യ സംസ്ഥാനക്കാരുമാണ് ഇത്തരം ശൃംഖലകളുടെ ചുക്കാൻ പിടിക്കുന്നതെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. കുടുംബശ്രീയുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലൂടെയും അയൽക്കൂട്ടങ്ങളിലൂടെയും പുരുഷ സഹായ സംഘങ്ങളിലൂടെയുമാണ് ഇവർ പണമിടപാടു ശൃംഖല സൃഷ്ടിച്ചിരിക്കുന്നത്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിലൂടെയും അയൽക്കൂട്ടങ്ങളിലൂടെയും പുരുഷ സഹായ സംഘങ്ങളിലൂടെയും വായ്പ എടുത്ത് കുടിശ്ശിക വരുത്തുന്നവർക്ക് പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള മാർഗ്ഗം ഏർപ്പെടുത്തിക്കൊണ്ടായിരിക്കും ഇവർ രംഗ പ്രവേശനം ചെയ്യുന്നത്. തുടർന്ന് കുടുംബത്തിലെ അത്യാവശ്യ മറ്റു കാര്യങ്ങൾക്കുവേണ്ട തുക ഇവർ വായ്പയായി നൽകുന്നതായിരിക്കും. ഇപ്രകാരം വായ്പ നൽകുന്നതിന് ഇവർ ജാമ്യപണ്ടങ്ങളോ ചെക്കുകളോ മറ്റ് രേഖകളോ ഒന്നുംതന്നെ സ്വീകരിക്കുന്നതല്ല പകരം ഗ്രൂപ്പുകളിൽപ്പെട്ട മറ്റ് അംഗങ്ങൾക്ക് തുക കൊടുത്ത് പരസ്പരം ജാമ്യം വാക്കാൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. വായ്പാ തിരിച്ചടവ് പരസ്പര ജാമ്യക്കാർ

ഒരുമിച്ചാണ് നടത്തേണ്ടത്. ആരെങ്കിലും ഒരാൾ വീഴ്ച വരുത്തിയാൽ മറ്റുള്ളവരിൽ നിന്ന് വായ്പാ തിരിച്ചടവ് സ്വീകരിക്കുന്നതിന് പണം നൽകുന്നവർ വിസമ്മതിക്കുന്നതാണ്. ഈ അവസ്ഥയിൽ വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവരെ മറ്റുള്ളവർ ചേർന്ന് മാനസിക സമ്മർദ്ദത്തിലാക്കുന്നതാണ്. തിരിച്ചടവ് ദിവസക്രമത്തിലോ ആഴ്ചക്രമത്തിലോ ആണ് നടത്തുന്നത്. വായ്പത്തുകയെ നിശ്ചിത തവണതുകകളാക്കും. ഒന്നോ രണ്ടോ തവണ അധികമായി  ഈടാക്കുന്നത് പലിശയായി കണക്കാക്കുന്നതാണ്. ഉദാഹരണത്തിന് 5000 രൂപ വായ്പയായി നൽകുമ്പോൾ 200 രൂപയുടെ 27 തവണകൾ നൽകേണ്ടതായി വരും. 27 ദിവസംകൊണ്ട് 5000 രൂപയ്ക്ക് 400 രൂപ പലിശ ഈടാക്കുന്നതാണ്. ഏകദേശം ഒരു മാസം കൊണ്ട് 400 രൂപ പലിശ വാങ്ങുമ്പോൾ അത് ഒരു വർഷം കൊണ്ട് തുക ഇരട്ടിക്കുന്ന (400 X 12 = 4800 രൂപ) തായിരിക്കും. മറ്റു ജാമ്യങ്ങൾ ഇല്ലാത്തതിനാലും എളുപ്പത്തിൽ ലഭിക്കുന്നതിനാലും കർഷകർ ഇത്തരം പണമിടപാടു ശൃംഖലകളിൽ ചേർന്ന് വളരെ വേഗത്തിൽ കുരുക്കിൽപ്പെടുന്നതാണ്. എന്നാൽ പണം തിരികെനൽകാൻ കഴിയാതെ വരുമ്പോൾ ജാമ്യക്കാരായ അയൽപക്കക്കാർ ഇവരിൽ ചെലുത്തുന്ന സമ്മർദ്ദം അവരെ മാനസികമായി തളർത്തുന്നു. കൃഷിനാശം സംഭവിക്കുമ്പോഴോ, വിലക്കുറവ് സംഭവിക്കുമ്പോഴോ ആയിരിക്കും വായ്പ വീഴ്ചവരുന്നത്. അതോടൊപ്പം അയൽക്കാരും സുഹൃത്തുക്കളും ചേർന്നുണ്ടാക്കുന്ന മാനസ്സിക സമ്മർദ്ദവും അഭിമാനക്ഷതവുമാണ് ഇത്തരക്കാരെ ആത്മഹത്യയിൽ കൊണ്ടുചെന്നെത്തിക്കുന്നതെന്ന് സമിതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. പലപ്പോഴും തുക വായ്പയായി വാങ്ങുന്നത് മറ്റ് കുടുംബാംഗങ്ങൾ അറിയുന്നുണ്ടാവില്ല. രേഖകൾ ഇല്ലാത്തതിനാൽ ആത്മഹത്യാ സംഭവങ്ങളിൽ ഇക്കാര്യങ്ങൾ ഒന്നുംതന്നെ ഉയർന്നു വരുകയുമില്ല. എന്നാൽ ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ജപ്തി നോട്ടീസ് ലഭിക്കുകയാണെങ്കിൽ അതൊരു ആത്മഹത്യാകാരണമായി ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ വകുപ്പുകൾക്കോ മറ്റുള്ളവർക്കോ കണ്ടെത്തുവാൻ കഴിയുന്നതാണ്.

മേൽ വിവരിച്ച രീതിയിലുള്ള മൈക്രോ ഫിനാൻസ് ശൃംഖലകൾ വ്യാപകമായി സംസ്ഥാനമൊട്ടാകെ, പ്രത്യേകിച്ചും മലബാർ മേഖലയിൽ പ്രവർത്തിച്ചു വരുന്നതായി സമിതി കണ്ടെത്തുകയുണ്ടായി. ഇത്തരത്തിലുള്ള പണമിടപാടു ശൃംഖലകളാണ് സമൂഹത്തിൽ കർഷക ആത്മഹത്യ പോലുള്ള അവസ്ഥയ്ക്ക് കാരണമെന്ന് സമിതി വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ കേരളത്തിൽ അങ്ങോളമിങ്ങോളം കണ്ടുവരുന്നതും അതാതു പ്രദേശങ്ങളിൽ മാത്രം പ്രവർത്തനമേഖല കേന്ദ്രീകരിച്ചിട്ടുള്ളതും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളോ വ്യക്തികളോ അന്യസംസ്ഥാനക്കാരോ നടത്തുന്നതുമായ മൈക്രോഫിനാൻസ് സംവിധാനത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും, ഇത്തരക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നും, ശിക്ഷാകാലാവധിയുടേയും പിഴയുടേയും നിരക്ക് ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

പൊതുജനങ്ങൾ ഇതിൽ അകപ്പെട്ടു പോകാതിരിക്കുന്നതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും സ്ഥാപനം നടത്തുന്നവർക്കുള്ള ശിക്ഷകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരസ്യങ്ങൾ പത്രമാദ്ധ്യമങ്ങളും ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾ വഴിയും നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**നബാർഡ്**

കാർഷിക മേഖല ഉൾപ്പെടെയുള്ള വിവിധ മേഖലകളുടെ വികസനത്തിനായി Credit flow സുഗമമാക്കുന്നതിനായി രൂപംനൽകിയ അപ്പക്സ് ഡവലപ്മെന്റ് ബാങ്കായ നബാർഡ് കേന്ദ്ര സർക്കാരിന്റെ കാർഷിക വായ്പാ ആനുകൂല്യങ്ങൾ കർഷകരിലെത്തിക്കുക വഴി കാർഷിക മേഖലയുടെ സമഗ്രവികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

2011-12 വർഷത്തിലേക്ക് നബാർഡ് നൽകിയ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക് അവരുടേതായ ഇടപെടലുകൾ നടത്തി സംസ്ഥാനത്തെ ഷോർട്ട് ടേം സഹകരണ ഘടനയിലൂടെ 7% വാർഷികമോ അതിൽക്കുറഞ്ഞ നിരക്കിലോ ഓരോ വായ്പക്കാരനും നൽകുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വായ്പയ്ക്കാണ് സംസ്ഥാന സഹകരണ ബാങ്കിന് നബാർഡ് കൺസഷണൽ പുനർവായ്പ നൽകുക. ഇപ്രകാരമുള്ള വായ്പകൾക്ക് ഇന്ററസ്റ്റ് സബ്‍വെൻഷനായി 2%-വും കൃത്യമായ തിരിച്ചടവിനുള്ള ഇൻസെന്റീവിനായി 1% പലിശയിളവും നബാർഡ് നൽകുന്നു. ഇങ്ങനെ നബാർഡ് നൽകുന്ന ഇളവുകൾ സംസ്ഥാന സഹകരണബാങ്ക് (SCB) ജില്ലാ സഹകരണ ബാങ്കുകൾക്കു (DCB) നൽകുകയും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് അവ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ വഴി കർഷകരിലെത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതേ രീതിയിലുള്ള നബാർഡിന്റെ കാർഷിക വായ്പാ ഇളവുകൾ റീജിയണൽ റൂറൽ ബാങ്കുകൾ വഴിയും കൊമേഴ്സ്യൽ ബാങ്കുകൾ വഴിയും താഴെത്തട്ടിൽ കർഷകർക്ക് ലഭ്യമാക്കുന്നു.

വിവിധ ബാങ്കുകൾ/സഹകരണ സ്ഥാപനങ്ങൾ ഔദ്യോഗികമായി റിസർവ്വ് ബാങ്ക് നിബന്ധനകൾ പാലിച്ചാണ് വായ്പകൾ വിതരണം ചെയ്യുന്നതെങ്കിലും ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകരിൽ പൂർണ്ണമായി എത്തിച്ചേരുന്നില്ല എന്ന പ്രശ്നം നിലനിൽക്കുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. വയനാട് സന്ദർശന വേളയിലും ഈ വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ധനകാര്യ സ്ഥാപനങ്ങളും നബാർഡും സാങ്കേതിക കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ച് അവർ വിതരണം ചെയ്യുന്ന വായ്പകളുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിലാണ് ശ്രദ്ധപതിപ്പിക്കുന്നത്.

സ്ഥലത്തിന്റെ ഈടിന്മേൽ നൽകേണ്ട കാർഷിക വായ്പകൾ 'സ്വർണ്ണം' എന്ന സുരക്ഷിത ഈടിന്മേൽ നൽകുന്ന പ്രവണത വ്യാപകമാണ്. ഒരു നിശ്ചിത തുക കാർഷിക വായ്പയായി നൽകണമെന്ന ടാർജറ്റ് കൈവരിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ സ്വർണ്ണം, കരമടച്ച രസീത് (അത് 5 സെന്റ് വസ്തുവിന്റെയെങ്കിൽ പോലും) എന്നിവ വാങ്ങി കാർഷിക വായ്പകൾ നൽകുന്നു. കരമടച്ച രസീത്, സ്ഥലംകൂടി പരിഗണിച്ച് കാർഷിക വായ്പ നൽകി എന്ന് ബോധ്യപ്പെടുത്തുന്നതിനുള്ള നാമമാത്രമായ ഒരു തന്ത്രം മാത്രമാണിത്. ഇപ്രകാരം ബാങ്കുകൾ കാർഷിക വായ്പാ ലക്ഷ്യം അനായാസം കൈവരിക്കുമ്പോഴും യഥാർത്ഥ കർഷകർ വായ്പയുടെയും ഇളവുകളുടെയും പ്രയോജനം ലഭിക്കാതെ ചൂഷണം ചെയ്യപ്പെടുന്നു. കാർഷിക വായ്പ അനുവദിച്ചുകിട്ടാൻ നിബന്ധനകളുടെ സങ്കീർണ്ണതമൂലം പലപ്പോഴും കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ ഗോൾഡ് ലോൺ, നിബന്ധനകൾ ഒന്നും ഇല്ലാതെ വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നു. കൂടാതെ കാർഷിക വായ്പ

കളുമായി ബന്ധപ്പെട്ട ജപ്തി നടപടികൾക്ക് നിബന്ധനകളും നിയന്ത്രണങ്ങളുമുണ്ട്. ഇതൊക്കെമൂലം സ്വർണ്ണം ഈടുവച്ച് വായ്പ നൽകുന്ന രീതിയിലേക്ക് കാർഷിക വായ്പ ബൈപ്പാസ് ചെയ്തു പോരുന്നതായി സമിതി കണ്ടെത്തി. ഒരേക്കർ ഭൂമിയുള്ള കൃഷിക്കാരന് ലഭിക്കുന്ന വായ്പത്തുക തന്നെ അതേ തുകയ്ക്കുള്ള സ്വർണ്ണം പണയം വയ്ക്കുന്ന 10 സെന്റ് ഭൂമിയുള്ള കൃഷിക്കാരനല്ലാത്തയാളിനും 4% പലിശ നിരക്കിൽ ലഭിക്കുന്നുണ്ട്. ഫലത്തിൽ ഈ പ്രവണതമൂലം കൃഷി വായ്പാ ആനുകൂല്യങ്ങൾ സ്വർണ്ണം കൈവശമുള്ളവർക്കും സ്വകാര്യ ധനകാര്യ സ്ഥാപന ങ്ങൾക്കും അനായാസം പ്രാപ്യമാകുന്നു. ഇത്തരം സ്ഥാപനങ്ങൾ ഇപ്രകാരം കുറഞ്ഞ പലിശനിരക്കിൽ ലഭിക്കുന്ന വായ്പാത്തുക ഉയർന്ന പലിശയ്ക്ക് യഥാർത്ഥ കർഷകന് നൽകുകയും ചെയ്യുന്നു. കൂടിയ പലിശനിരക്കിൽ ലഭിക്കുന്ന സ്വകാര്യ വായ്പ കളുടെ തിരിച്ചടവ് പാവപ്പെട്ട കർഷകർക്ക് സാദ്ധ്യമാകാതെ വരികയും പലപ്പോഴും ഇത്തരമൊരു സാഹചര്യം അവരെ ആത്മഹത്യയിലേക്ക് കൊണ്ടെത്തി ക്കുകയും ചെയ്യും. മറുവശത്ത് ഈ അവസ്ഥ സ്വർണ്ണം പണയംവച്ചുള്ള കാർഷിക വായ്പാ പദ്ധതി സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാകുന്ന തിനും സമാന്തര സമ്പദ്‌വ്യവസ്ഥ ബലപ്പെടുന്നതിനും സഹായകമാകുന്നു.

സ്വർണ്ണ പണയത്തിന്മേലോ അല്ലാതെയോ കാർഷിക വായ്പ നൽകുന്നതിന് ബാങ്കുകൾക്ക് അനുമതിയുണ്ടെന്നും ഈ രണ്ടുതരം വായ്പകൾക്കും സബ്‌വെൻഷൻ സൗകര്യവും ക്രോപ്‌ലോൺ തിരിച്ചടവ് സൗകര്യവും ലഭ്യമാണെന്നും നബാർഡ് ഉദ്യോഗസ്ഥരിൽ നിന്ന് സമിതി മനസ്സിലാക്കി. എന്നാൽ സ്വർണ്ണപ്പണയത്തിന്മേൽ കാർഷിക വായ്പ നൽകുമ്പോൾ പലപ്പോഴും കാർഷിക വായ്പാ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. സ്വർണ്ണപ്പണയത്തിൽ കാർഷിക വായ്പ നൽകുമ്പോൾ ഭൂമിയുടെ വിസ്തൃതി പരിഗണിക്കാതെ സ്വർണ്ണത്തിന്റെ അളവ് മാത്രം അടിസ്ഥാനമാക്കി വായ്പാത്തുക നിശ്ചയിക്കുന്ന രീതി അപലപനീയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. കാർഷിക വായ്പയ്ക്ക് ഈടായി സ്വർണ്ണം സ്വീകരി ക്കുന്ന രീതി തികച്ചും ഔചിത്യരഹിതമാണ്. കൃഷി ചെയ്യുന്നതിനുവേണ്ടി നൽകുന്ന വായ്പ ഭൂമി സ്വന്തമായുള്ളവർക്കോ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്കോ മാത്രമാണ് നൽകേണ്ടത്. വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ കൃഷിയുക്തമായ സ്വന്തം ഭൂമിയുടെ കരമടച്ച രസീതോ അല്ലെങ്കിൽ ഭൂമി പാട്ടത്തിനെടുത്തതിന്റെ പാട്ടക്കരാറോ ഹാജരാക്കണം എന്ന വ്യവസ്ഥ നടപ്പിലാക്കേണ്ടതാണ്. കൂടാതെ രേഖ ഹാജരാക്കുന്ന ഭൂമിയുടെ വിസ്തൃതിക്ക് അനുസൃതമായി മാത്രമേ വായ്പ നൽകാവൂ എന്ന വ്യവസ്ഥയും കൃത്യമായി പാലിക്കപ്പെടേണ്ടതുണ്ട്.

സ്വർണ്ണ പണയത്തിന്മേൽ 4% പലിശയ്ക്ക് നൽകുന്ന കാർഷിക വായ്പ കാർഷിക ആവശ്യങ്ങൾക്ക് വേണ്ടി മാത്രമേ നൽകാറുള്ളൂ എന്ന നബാർഡിന്റെ വിശദീകരണം സമിതി മുഖവിലയ്ക്കെടുക്കുന്നില്ല. കാർഷിക വായ്പകളുടെ 50% ത്തിനകം മാത്രംനൽകുന്ന സഹകരണ മേഖല/റൂറൽ ബാങ്കുകളിൽ മാത്രമാണ് നബാർഡ് റാൻഡം പരിശോധന നടത്തുന്നത്. ഈ പരിശോധന വിജയകരമല്ല എന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. 50%-ത്തിലധികം കാർഷിക വായ്പകൾ വിതരണം ചെയ്യുന്ന കമേഴ്സ്യൽ ബാങ്കുകളുടെ മേൽ നബാർഡ് യാതൊരു പരിശോധനയും നടത്തുന്നില്ലെന്നും ഇത് കാർഷിക വായ്പയുടെ ഉദ്ദേശ്യംതന്നെ തകിടംമറിക്കുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു.

വിവിധ സ്ഥാപനങ്ങൾ നൽകുന്ന കാർഷിക വായ്പകൾക്ക് അവയുടെ യൂട്ടിലൈസേഷൻ സംബന്ധിച്ച ഫലവത്തായ തുടർപരിശോധന വായ്പ നൽകുന്ന സ്ഥാപനംതന്നെ നടപ്പാക്കണമെന്ന കർശനനിർദ്ദേശം ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ടെക്നിക്കൽ കമ്മിറ്റികൾ ലോൺ നൽകുന്നതിന്റെ മാനദണ്ഡം നിശ്ചയിക്കുന്നതിൽ അപാകതയുണ്ടെന്നും കർഷകന് ആവശ്യമുള്ള തുകയും അനുവദിക്കുന്ന വായ്പയും തമ്മിൽ പൊരുത്തപ്പെട്ട് പോകുന്നില്ലെന്നും ഇതുമൂലം കർഷകർ ഉയർന്ന പലിശ ചുമത്തുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നുണ്ടെന്നും സമിതി മനസിലാക്കുന്നു. നിലവിൽ ടെക്നിക്കൽ കമ്മിറ്റികളിൽ കർഷകരുടെ പ്രതിനിധികളായുള്ളവർ യഥാർത്ഥ കൃഷിക്കാരുടെ പ്രതിനിധികളല്ല മറിച്ച് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരാണെന്നും ഇവർക്ക് യഥാർത്ഥ ചെറുകിട കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനോ പ്രശ്നങ്ങൾ മനസ്സിലാക്കുവാനോ അവയ്ക്കനുസൃതമായി പരിഹാരങ്ങൾ കാണുവാനോ സാധിക്കില്ല എന്നും സമിതി വ്യക്തമാക്കുന്നു. അതിനാൽ ടെക്നിക്കൽ കമ്മിറ്റികളുടെ അംഗത്വം പരിശോധിച്ച് യഥാർത്ഥ ചെറുകിട കൃഷിക്കാരുടെയും പാട്ടക്കൃഷിക്കാരുടെയും പ്രതിനിധികൾ അവയിലുണ്ടെന്ന് നബാർഡ് ഉറപ്പുവരുത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

കൂടാതെ കാർഷിക വായ്പകളുടെ ഫലവത്തായ മോണിട്ടറിംഗിനായി ഡി.എൽ.ആർ.സി.-കളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പ്രതിനിധികൾ, കർഷകരുടെ പ്രതിനിധി, ജനപ്രതിനിധികൾ, നബാർഡ് ഡിസ്ട്രിക്ട് ഡവലപ്മെന്റ് മാനേജർ എന്നിവർ അംഗങ്ങളായുള്ള ഒരു മോണിറ്ററിംഗ് ടീം സജ്ജമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്ഥലം ഈട് നൽകാനില്ലാത്ത ഒരു കർഷകന് വായ്പ നിഷേധിക്കുമ്പോൾ അത് മതിയായ കാരണം ചൂണ്ടിക്കാണിച്ചാണ് നിഷേധിക്കുന്നത്. എന്നാൽ അനർഹർക്ക് വായ്പ ലഭിക്കുന്നുണ്ട് എന്ന വസ്തുത പലപ്പോഴും സാധാരണ പൗരന് അറിയുവാൻ സാധിക്കുന്നില്ല. ജനപ്രതിനിധികൾ പങ്കെടുക്കുന്ന കമ്മിറ്റി യോഗങ്ങളിൽ പരാതികൾ പരിഗണിക്കുക മാത്രമാണ് ചെയ്യുന്നത്. അതിനാൽ അനർഹർക്ക് വായ്പ ലഭിക്കുന്നത് വെളിച്ചത്ത് വരുന്നില്ല.

അനർഹർക്ക് വായ്പ ലഭിക്കുന്നതുമൂലം കടം എഴുതിത്തള്ളുന്ന വേളയിൽ പ്രസ്തുത ആനുകൂല്യം യഥാർത്ഥ കർഷകന് ലഭിക്കുന്നില്ല. യഥാർത്ഥ കർഷകന് വായ്പ ലഭ്യമാക്കാത്തതിന്റെ ഉത്തരവാദിത്വം പ്രാഥമിക സ്ഥാപനങ്ങളുടെ മേൽ ചുമത്തിക്കൊണ്ടുള്ള നബാർഡിന്റെ വിശദീകരണം സ്വാഗതാർഹമല്ലെന്നും ഇത് നബാർഡിന്റെ പ്രവർത്തനത്തിലുള്ള വൈകല്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

കാർഷിക വായ്പ നൽകുന്നവരുടെ അർഹത മോണിറ്റർ ചെയ്യുവാൻ ഒരു ബാങ്കിംഗ് സംവിധാനത്തിന് മാത്രമേ കഴിയൂ. ഈ പ്രശ്നം നിയന്ത്രണവിധേയമാക്കുന്നതിനായി നബാർഡ് ഒരു ഫലപ്രദമായ പരിഹാരനിർദ്ദേശം മുന്നോട്ട് വയ്ക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് റീഫിനാൻസ് നൽകുമ്പോൾ കർഷകർക്ക് കൃഷി ആവശ്യത്തിനായി മാത്രം വായ്പ നൽകണമെന്ന വ്യക്തമായ നിർദ്ദേശം നൽകാറുണ്ടെന്ന് നബാർഡ് ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചെങ്കിലും ഇത് കർശനമായി പാലിക്കപ്പെടുന്നില്ല എന്ന ആക്ഷേപം സമിതിയുടെ വയനാട് സന്ദർശന വേളയിൽ ഉയർന്നുവന്നിരുന്നു. ബാങ്കുകളിൽ ഇൻസ്പെക്ഷൻ നടത്തുമ്പോൾ ഇതര ആവശ്യങ്ങൾക്കായി കൃഷി വായ്പ നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തി ഡി.സി.ബി.-യെ അറിയിക്കുന്ന പതിവുണ്ടെന്ന നബാർഡ് ഉദ്യോഗസ്ഥരുടെ വെളിപ്പെടുത്തൽ സമിതിക്ക് തൃപ്തികരമായില്ല. വിവിധ ബാങ്കുകൾവഴി നൽകുന്ന കാർഷിക വായ്പകൾ കാർഷികാവശ്യത്തിന് തന്നെയാണ് നൽകുന്നതെന്ന് എന്ന് ഉറപ്പാക്കുന്നതിന് അപ്രകാരമുള്ള ലോണുകൾക്ക് മാത്രമാണ് പുനർവായ്പ നൽകുന്നതെന്ന് ഉറപ്പാക്കുന്നതിനും നബാർഡ് ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഇപ്രകാരമൊരു സംവിധാനം നടപ്പാക്കി പീരിയോഡിക്കൽ പരിശോധന നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എല്ലാ കർഷകർക്കും കിസാൻ ക്രഡിറ്റ് കാർഡ് (KCC)-ലൂടെ മാത്രം വായ്പ നൽകണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും ഇത് നടപ്പിലാക്കുന്നതിനായി കേരളത്തിലെ മൊത്തം കർഷകരുടെ ഒരു പട്ടിക ഇതുവരെ ലഭ്യമല്ലെന്ന് നബാർഡ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. ഇപ്രകാരമൊരു പട്ടിക ലഭിച്ചാൽ എല്ലാ കർഷകർക്കും KCC-യിലൂടെ വായ്പ നൽകുന്നതിന് നിർദ്ദേശം നൽകുവാൻ നബാർഡിനു സാധിക്കും. ആയതിനാൽ കേരളത്തിലെ മുഴുവൻ കർഷകരുടെയും ഒരു വിവരശേഖരം തയ്യാറാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**കർഷക കടാശ്വാസ കമ്മീഷൻ**

കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി കർഷകർ അനുഭവിക്കുന്ന സാമ്പത്തിക പ്രതിസന്ധിയും കർഷക ആത്മഹത്യയും സംബന്ധിച്ച വിഷയത്തിൽ ഇതു സംബന്ധിച്ച് രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി.

2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ നിയമം വഴി 2007 മാർച്ച് 18 മുതൽ നിലവിൽവന്ന കമ്മീഷന്റെ പ്രവർത്തനങ്ങൾ 9-4-2007 മുതലാണ് ആരംഭിച്ചത്. കമ്മീഷനിൽ ചെയർമാൻ ഉൾപ്പെടെ 7 അംഗങ്ങളാണ് ഉള്ളത്. കമ്മീഷന്റെ കാലാവധി 5 വർഷമാണ്.

നിലവിൽ 1 ലക്ഷം രൂപ വരെയുള്ള ബാദ്ധ്യതകളാണ് പരമാവധി ഏറ്റെടുക്കുന്നത്. 50,000 രൂപയ്ക്ക് മുകളിലുള്ള ബാദ്ധ്യതകൾക്ക് 50%-വും അതിൽ താഴെയുള്ള ബാദ്ധ്യതകൾക്ക് 75%-വും സമാശ്വാസമാണ് നൽകുന്നത്. ലോൺ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് ബാക്കിയുള്ള തുക കർഷകൻ കണ്ടെത്തേണ്ടിയിരിക്കുന്നു.

2007-ന് മുമ്പുള്ള ബാദ്ധ്യതകളിന്മേലുള്ള 31-5-2009 വരെയുള്ള അപേക്ഷകളാണ് കമ്മീഷൻ പരിഗണിക്കുന്നത്. അതനുസരിച്ച് 4,10,549 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

അതിൽ ഷെഡ്യൂൾഡ്/നാഷണലൈസ്ഡ് ബാങ്കുകളിൽപ്പെട്ടവ ഒഴികെ 307810 അപേക്ഷകളാണ് തീർപ്പാക്കാനുണ്ടായിരുന്നത്. 17-3-2012-നകം 205030 അപേക്ഷകൾ തീർപ്പാക്കി. 1,02,780 അപേക്ഷകൾ അവശേഷിക്കുന്നു. 3 കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടുന്ന 3 ബഞ്ചുകളാണ് സിറ്റിംഗ് നടത്തുന്നത്. ഒരു മാസം 15 സിറ്റിംഗുകളും ഒരു സിറ്റിംഗിൽ പരമാവധി 100 അപേക്ഷകളിന്മേലും തീർപ്പു കൽപ്പിക്കുന്നു. ഒരു മാസം ഇപ്രകാരം 5000-ൽ കവിയാത്ത അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിക്കുന്നത്. നാല് ലക്ഷത്തിൽപ്പരം അപേക്ഷ ലഭിച്ചതിന്മേൽ തീർപ്പ് കൽപ്പിക്കുവാൻ ഈ രീതിയിൽ 7 വർഷം വേണ്ടിവരുന്നതാണ്. ആത്മഹത്യയുടെ വക്കിൽ എത്തി നിൽക്കുന്ന കർഷകർക്ക് സഹായം നൽകാനായി രൂപീകരിച്ച കടാശ്വാസകമ്മീഷനിൽ ഉണ്ടാകുന്ന കാലതാമസം കമ്മീഷന് നേരെയുള്ള പ്രധാന വെല്ലുവിളികളിൽ ഒന്നാണ്. 7 വർഷത്തിനുശേഷം നിരസിക്കപ്പെടുന്ന അപേക്ഷകർ അതിന്റെ പേരിൽ മാത്രം ആത്മഹത്യ ചെയ്യപ്പെടുന്ന അവസ്ഥ സംജാതമാകുമെന്ന് സമിതി വിലയിരുത്തുന്നു.

കമ്മീഷൻ പരിഗണിച്ച് തീർപ്പ് കല്പിച്ച അപേക്ഷകളിലെ അവാർഡ് തുക അനുവദിച്ച് ഉത്തരവിറക്കുന്നത് കൃഷി വകുപ്പാണ്. ധനകാര്യവകുപ്പിന്റെ അനുമതിയോടെ നടത്തുന്ന ഈ പ്രവർത്തനത്തിന് കാലതാമസം വരുന്നുണ്ട്. പ്രസ്തുത ഉത്തരവുകൾ സഹകരണവകുപ്പിൽ എത്തി അപേക്ഷകന്റെ വിഹിതം അടപ്പിച്ച് ലോൺ സെറ്റിൽ ചെയ്യുന്നതിന് കുറഞ്ഞത് 5 മാസത്തെ സമയമെടുക്കുന്നുണ്ട്. ഇക്കാര്യങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

ചെയർമാന്റെ കാലാവധി കഴിഞ്ഞ് പുതിയ ചെയർമാൻ സ്ഥാനമേൽക്കുന്നതിനിടയിലുള്ള സമയത്ത് അപേക്ഷകളിന്മേൽ ഒന്നും തന്നെ തീർപ്പു കൽപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല. കമ്മീഷനെ സഹായിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ളതിൽ പകുതിപേരും ദിവസക്കൂലിക്കാരാണ്. അതിനാൽ പ്രതിബദ്ധതയോടെ ജോലി നിർവ്വഹിക്കപ്പെടുന്നുമില്ല. നിലവിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാകുടിശ്ശികക്കാർക്ക് മാത്രമാണ് കമ്മീഷൻ വഴി ഇളവ് നൽകുന്നത്. പൊതുമേഖലാ ബാങ്കുകൾ വഴിയാണ് കർഷകർ കൂടുതലായി വായ്പകൾ എടുത്തിട്ടുള്ളത്. ഇവർക്ക് കമ്മീഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നില്ല.

കർഷക കടാശ്വാസ കമ്മീഷന്റെ തീരുമാനത്തിന്മേൽ ഉത്തരവിറക്കുന്നതിനും തുക അനുവദിക്കുന്നതിനും നിലവിൽ വളരെയധികം കാലതാമസം അനുഭവപ്പെടുന്നുണ്ട്. മതിയായ വ്യവസ്ഥകളുടെ അഭാവവും കമ്മീഷൻ അംഗങ്ങളുടെ എണ്ണത്തിലുള്ള പരിമിതിയും അപേക്ഷയുടെ എണ്ണത്തിലെ ബാഹുല്യവും നടപടികളുടെ സങ്കീർണ്ണതയും അപേക്ഷകൾ പൂർണ്ണമായും തീർപ്പുകൽപ്പിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. അപേക്ഷ ലഭിച്ചാൽ ഒരു മാസത്തിനകം തീർപ്പു കല്പിച്ച് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് മതിയായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും കൂടുതൽ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ ഓഫീസ് സ്റ്റാഫിനെ സമയബന്ധിതമായി നിയമിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കടാശ്വാസകമ്മീഷനെ സഹായിക്കുന്നതിന് കൃഷിവകുപ്പ്, ധനകാര്യവകുപ്പ്, നിയമവകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതിനാൽ കമ്മീഷൻ

തീരുമാനത്തിന്മേലുള്ള തുക അനുവദിക്കുന്നതിന് ഭരണവകുപ്പിലും ധനകാര്യ വകുപ്പിലും ഫയൽ പോകുന്നത് ഒഴിവാക്കണമെന്നും ബഡ്ജറ്റ് തുക കമ്മീഷൻ കൈകാര്യം ചെയ്യാൻ ഉതുകുംവിധം ലഭ്യമാക്കാവുന്നതാണ്. അതിന്മേൽ ബന്ധപ്പെട്ടവർ ആവശ്യമായ ആഡിറ്റ് നടത്തിയാൽ മതിയാകും. ഈ രീതി അവലംബിക്കുക യാണെങ്കിൽ അനാവശ്യ കാലതാമസം ഒഴിവാക്കാനാകുമെന്ന് സമിതി വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ അവാർഡ് തുക നിശ്ചയിക്കുന്നതോടൊപ്പം അത് നൽകുന്നതിനുള്ള അനുമതി ലഭ്യമാകത്തക്ക രീതിയിൽ കടാശ്വാസ കമ്മീഷൻ പ്രവർത്തനം പുനഃക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഒരു കമ്മീഷന്റെ കാലാവധി അഞ്ചു വർഷമാണ്. 2012 മാർച്ച് 17-ന് ആദ്യകമ്മീഷന്റെ കാലാവധി അവസാനിച്ചു. പകരമുള്ള പുതിയ കമ്മീഷൻ സ്ഥാനമേൽക്കുന്നതിന് 7 മാസത്തിൽ കൂടുതൽ സമയം വേണ്ടിവന്നു. ലഭിച്ച പരാതികളിൽ ബാക്കി നില്പുള്ളവയിന്മേൽ ഈയൊരു ഇടവേളയിൽ ഒരു നടപടിയും സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്ന് സമിതി കണ്ടെത്തുകയുണ്ടായി. കർഷക ആത്മഹത്യ ഒഴിവാക്കണമെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കർഷക കടാശ്വാസ കമ്മീഷന്റെ ഇത്തരത്തിലുള്ള ദുര്യോഗം ആത്മഹത്യാമുനമ്പിൽ നിൽക്കുന്ന കർഷകരുടെ കാര്യമാണെന്ന വസ്തുത സർക്കാർ വിസ്മരിച്ചതിൽ സമിതി അങ്ങേയറ്റത്തെ അതൃപ്തി രേഖപ്പെടുത്തുന്നു. ഭാവിയിൽ ഇടവേളകൾ ഇല്ലാത്ത, തുടർച്ചയായ സേവനം ഉറപ്പാക്കുന്നതിനായി ഒരു കടാശ്വാസ കമ്മീഷന്റെ കാലാവധി തീരുന്നതിന് മുമ്പ് അടുത്ത നിയമന പ്രക്രിയകൾ പൂർത്തീകരിക്കണമെന്നും അല്ലാത്തപക്ഷം പുതിയ നിയമനം പ്രാബല്യത്തിൽ വരുന്നതുവരെ കാലാവധി കഴിഞ്ഞവർക്ക് പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്നതിനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

കർഷക കടാശ്വാസ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്ന് കർഷകരെ ആത്മഹത്യയിലേക്ക് എത്തിക്കുന്ന ബാദ്ധ്യതകളിൽ നിന്ന് മോചനം നൽകുക എന്നുള്ളതാണ്. എന്നാൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് ആത്മഹത്യാ സാഹചര്യങ്ങൾ തുടർന്നും നിലനിൽക്കുന്ന അവസ്ഥയിൽ കുടുംബത്തിനെ പ്രത്യേകമായി കണ്ട് ഈ സാഹചര്യത്തിൽ നിന്നും മോചനം നൽകുന്നതിനുള്ള പദ്ധതികൾ ഒന്നും വ്യവസ്ഥപ്പെടുത്തുകയോ സർക്കാർ നടപ്പിലാക്കുകയോ ചെയ്തിട്ടില്ലായെന്ന് സമിതി കണ്ടെത്തുകയുണ്ടായി. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബത്തിന് അടിയന്തിര സഹായമെത്തിക്കുക, അവരുടെ ബാദ്ധ്യതകൾ കണ്ടെത്തി അവയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുക, പ്രത്യേകമായി കണ്ട് ബാദ്ധ്യത മുഴുവൻ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കുക, കുടുംബത്തിനെ പുനരധിവസിപ്പിക്കുക തുടങ്ങിയ ഒരു കാര്യങ്ങളും ആത്മഹത്യ ചെയ്ത കുടുംബങ്ങളുടെ പേരിൽ സംഘടനകളോ സർക്കാരുകളോ ചെയ്തിട്ടില്ലായെന്നും സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ കർഷക ആത്മഹത്യ നടന്ന കുടുംബങ്ങളെ പ്രത്യേകമായി കണ്ട് അവർക്ക് അടിയന്തിര സാന്ത്വനമെത്തിക്കുന്നതിനും കടബാദ്ധ്യതകളിൽ നിന്ന് പൂർണ്ണമായ മോചനം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും കടാശ്വാസ പദ്ധതിയിൽ ഇക്കാര്യങ്ങൾ പ്രത്യേകമായി കണ്ട് അടിയന്തിര നടപടികൾ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**കൗൺസലിംഗ് സംവിധാനം**

കടക്കെണിയിലകപ്പെട്ട് കർഷകർ ആത്മഹത്യ തുടരുന്ന സാഹചര്യത്തിൽ ആത്മഹത്യയുടെ വക്കിൽ നിൽക്കുന്ന കർഷകരെയും അവരുടെ കുടുംബത്തെയും കണ്ടെത്തി സഹായിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് ATMA പദ്ധതിയിലുൾപ്പെടുത്തി രൂപീകരിച്ച കൗൺസലിംഗ് സംവിധാനം കർഷകർക്ക് തൃപ്തികരമായി അനുഭവപ്പെട്ടില്ല എന്നുള്ളതാണ് വസ്തുത. NGO-മാർ മുഖേന കൗൺസലിംഗ് നടത്തിയെന്ന് പറയുന്നുവെങ്കിലും അവ ഫലവത്തായിരുന്നില്ല. ആത്മഹത്യകൾക്ക് താൽക്കാലിക ശമനം അനുഭവപ്പെട്ടപ്പോൾ അവ നിറുത്തിവയ്ക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയതായി സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ഭയം, അരക്ഷിതാവസ്ഥ, നിരാശ, അജ്ഞത, നിരക്ഷരത, നിസ്സഹായത, കുടുംബപ്രശ്നം തുടങ്ങി മാനസികവും ഭൗതികവുമായ അവസ്ഥകൾക്ക് വിധേയരായി കർഷകർ ആത്മഹത്യയിലേക്ക് വഴുതി വീഴുന്നു. മാത്രമല്ല കർഷകർ ആത്മഹത്യ ചെയ്യുമ്പോൾ അതിനു കാരണം കാർഷിക അനുബന്ധ കാരണങ്ങൾ മാത്രമാണ് എന്നുള്ള പൊതുവിശ്വാസം പലപ്പോഴും തെറ്റാണെന്ന് മനസ്സിലാക്കാൻ സമിതിക്ക് കഴിഞ്ഞു. ഇത്തരം ആത്മഹത്യാ പ്രവണതകൾ അവസാനിപ്പിക്കാൻ ശക്തവും കാര്യക്ഷമവുമായ ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സമിതിക്ക് ബോദ്ധ്യമായി. കാർഷിക സംബന്ധമായ പ്രശ്നങ്ങളും പ്രതിസന്ധികളും അടിക്കടി ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള കർഷകമിത്ര സമിതി മുഖേന ആരോഗ്യവകുപ്പിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരുടെ സേവനം കൂടി ഉൾപ്പെടുത്തി കൗൺസിലിംഗ് പോലുള്ള മാനസിക ആശ്വാസ ബോധന ചികിത്സാ പദ്ധതികൾ കൃഷിവകുപ്പിന്റെ കീഴിൽ സ്ഥിരം സംവിധാനമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കർഷക ആത്മഹത്യ കൂടുതൽ സംഭവിച്ച വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആത്മഹത്യാ സാദ്ധ്യത മുൻകൂട്ടി വിലയിരുത്തി ആത്മഹത്യയിലേക്ക് നയിക്കപ്പെടുന്ന കർഷകർക്ക് യഥാസമയം സാന്ത്വന നിർദ്ദേശങ്ങൾ നൽകി സഹായിക്കാൻ സന്നദ്ധനായ ഒരുദ്യോഗസ്ഥന്റെ സേവനം ബ്ലോക്ക് തലത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കർഷക ആത്മഹത്യയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2011-14) തയ്യാറാക്കിയ ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശുപാർശകളും സർക്കാർ വേണ്ടത്ര ഗൗരവത്തോടെ കാണുമെന്നും, അവ നടപ്പിലാക്കുന്നതിന് അതീവ ജാഗ്രതയും ഇച്ഛാശക്തിയും പ്രകടിപ്പിക്കുമെന്നും അത് വഴി കർഷക ആത്മഹത്യ പൂർണ്ണമായും ഒഴിവാക്കാനാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

## അനുബന്ധം I

## ശുപാർശകൾ

1. കാർഷിക സംബന്ധമായ ദുരന്തങ്ങളും പ്രതിസന്ധികളും നേരിടുന്ന അവസരത്തിൽ ഇത്തരം സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതിനും രേഖകളും വിശദാംശങ്ങളും ശേഖരിക്കുന്നതിനും ഉടനടി ലഭ്യമാക്കുന്നതിനും സർക്കാരിന് വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ദുരന്ത നിവാരണ സംവിധാനത്തിന് അനുബന്ധമായി ഒരു സ്ഥിരം സംവിധാനം വകുപ്പുതലത്തിൽ ആരംഭിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2. യഥാർത്ഥ കർഷകന് തന്നെയാണോ കാർഷികവായ്പ ലഭിക്കുന്നതെന്ന് പരിശോധിക്കുന്നതിനും കാലതാമസം ഒഴിവാക്കികൊണ്ട് വായ്പകളുടെ കുറ്റമറ്റ വിതരണം കാര്യക്ഷമമാക്കുന്നതിനും ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. കാർഷിക മേഖലയുടെ ഉന്നമനത്തിനായി വകയിരുത്തുന്ന തുക ആ മേഖലയിൽ തന്നെ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്താനാകുംവിധമുള്ള വ്യവസ്ഥകളോടെ മാത്രമേ ബാങ്കുകൾ കാർഷിക വായ്പകൾ വിതരണം ചെയ്യാവൂവെന്നും രേഖകൾ കാണിച്ച് ബാങ്കുകൾ നടത്തുന്ന അഴിമതി അവസാനിപ്പിക്കുന്നതിന് ഈ മേഖലയിൽ ഒരു സമഗ്രമായ പഠനം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ കാർഷിക വായ്പാ നയം രൂപീകരിക്കണമെന്നും കർഷക ആത്മഹത്യാ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4. കാർഷിക വായ്പാ കുടിശ്ശിക എഴുതിത്തള്ളിയ നടപടി സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കണമെന്നും അർഹതയില്ലാത്തവർക്ക് ലഭിച്ച തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിൽ പങ്കാളികളായവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ഭാവിയിൽ ഇത്തരം സാധ്യതകൾ മുൻകൂട്ടി കണ്ട് നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5. നാടിന്റെ സമ്പദ്‌വ്യവസ്ഥയെ തകിടം മറിക്കുന്ന നിലവിലെ സ്വർണ്ണത്തിന്മേലുള്ള കാർഷിക വായ്പാ പദ്ധതികൾക്ക് സമൂലമായ മാറ്റം ഉടനടി ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കാർഷിക വായ്പകൾ കാർഷിക മേഖലയിൽ തന്നെ പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഈ സ്വർണ്ണ വായ്പാ പദ്ധതിയിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് സ്വർണ്ണവായ്പ നൽകുന്നവരെ ആന്റിമണി ലോണ്ടറിംഗ് ആക്ടിന്റെ പരിധിയിൽപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ദൈനംദിന ചെലവുകൾക്കുപരിയായി പാർപ്പിടപ്രശ്നം, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, രോഗചികിത്സാ ചെലവുകൾ എന്നിവയ്ക്കുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതോടൊപ്പം സാമൂഹ്യസ്ഥിതിക്ക് അനുപൂരിതമായ ജീവിത നിലവാരം ഉറപ്പാക്കുന്ന ഒരു സംരക്ഷണ സംവിധാനം നാടിന്റെ നട്ടെല്ലായ കർഷകർക്കായി വിഭാവന ചെയ്ത് നടപ്പിലാക്കുവാൻ സർക്കാർ യത്നിക്കേണ്ടതാണ്. ഇതിനായി ഓരോ വർഷവും ബഡ്ജറ്റിൽ നിന്ന് നിശ്ചിത ശതമാനം തുക (10%-ൽ കുറയാത്ത തുക) ചെലവഴിക്കണമെന്നും കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

7. എല്ലാ കാർഷികവിളകളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകി സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിവിധ കാർഷിക ചെലവുകൾ, അദ്ധ്വാനവിഹിതം, ന്യായമായ ലാഭം എന്നിവ ഉൾപ്പെടുത്തി വേണം ഇൻഷുറൻസ് തുക നിശ്ചയിക്കേണ്ടതെന്നും കൃഷിനാശം സംഭവിക്കുമ്പോൾ പരിരക്ഷ നിശ്ചിത കാലാവധിക്കകം ലഭിക്കുന്നതിനുവേണ്ട ക്രമീകരണം ചെയ്യണമെന്നും ഇൻഷ്വറൻസ് പ്രീമിയം തുക അടയ്ക്കുന്നതിൽ നിന്ന് കർഷകരെ പൂർണ്ണമായി ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

8. വിളനാശം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരവും പുനർകൃഷിയ്ക്ക് ധനസഹായവും യഥാസമയം ലഭിക്കുന്നില്ല എന്നുള്ള വസ്തുത സമിതി മനസ്സിലാക്കി. വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ കൃഷിസ്ഥലത്തിനു ചുറ്റും വൈദ്യുതീകരിച്ച കമ്പിവേലികൾ കെട്ടി സംരക്ഷിക്കണന്നെും ഇൻഷ്വറൻസ് പരിരക്ഷ വന്യമൃഗ ആക്രമണംമൂലമുള്ള കൃഷിനാശത്തിനും കൂടി ബാധകമാക്കണമെന്നും ഇവർക്ക് പുനർകൃഷി വായ്പയ്ക്ക് മുൻഗണന നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

9. കർഷകരെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കർഷകരുടെ പേര്, വിലാസം, കൈവശ ഭൂമി, ഓരോ കൃഷിയുടേയും വിശദാംശം, സർക്കാരിന്റെ കൃഷിവികസന പദ്ധതികൾ, വായ്പ നൽകിയതിന്റെ വിശദാംശം, കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ, വിപണനസാധ്യത, കൃഷി രീതികൾ, കീട നിയന്ത്രണം, വളങ്ങളുടെ ലഭ്യത തുടങ്ങിയ എല്ലാ കാര്യങ്ങളും അതിൽ ഉൾപ്പെടുത്തി ഒരു സമഗ്രമായ വെബ്സൈറ്റ് വിഭാവനം ചെയ്ത് നടപ്പിലാക്കണമെന്നാണ് സമിതി ശുപാർശ ചെയ്യുന്നത്. ഇതിൽ കർഷകർക്ക് അവരുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും അവ ശരിയാണോ എന്ന് തിട്ടപ്പെടുത്തുന്നതിനും സൗകര്യമുണ്ടാക്കണമെന്നും വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ഉപാധിയായി വെബ്സൈറ്റ് പ്രയോജനപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. കേരളത്തിൽ അങ്ങോളമിങ്ങോളം കണ്ടുവരുന്നതും അതാതു പ്രദേശങ്ങളിൽ മാത്രം പ്രവർത്തനമേഖല കേന്ദ്രീകരിച്ചിട്ടുള്ളതും സ്വകാര്യപണമിടപാട് സ്ഥാപനങ്ങളോ, വ്യക്തികളോ അന്യസംസ്ഥാനക്കാരോ നടത്തുന്നതുമായ മൈക്രോഫിനാൻസ് സംവിധാനത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും, ഇത്തരക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നും, ശിക്ഷാ കാലാവധിയുടേയും പിഴയുടേയും നിരക്ക് ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

11. പൊതുജനങ്ങൾ ഇതിൽ അകപ്പെട്ടുപോകാതിരിക്കുന്നതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും സ്ഥാപനം നടത്തുന്നവർക്കുള്ള ശിക്ഷകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരസ്യങ്ങൾ പത്രമാദ്ധ്യമങ്ങളും ദൃശ്യശ്രവ്യ മാദ്ധ്യമങ്ങൾവഴിയും നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. കാർഷിക വായ്പയ്ക്ക് ഈടായി സ്വർണ്ണം സ്വീകരിക്കുന്ന രീതി തികച്ചും ഔചിത്യരഹിതമാണ്. കൃഷി ചെയ്യുന്നതിനുവേണ്ടി നൽകുന്ന വായ്പ ഭൂമി സ്വന്തമായുള്ളവർക്കോ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർക്കോ മാത്രമാണ് നൽകേണ്ടത്. വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ കൃഷിയുക്തമായ സ്വന്തം ഭൂമിയുടെ കരമടച്ച രസീതോ അല്ലെങ്കിൽ ഭൂമി പാട്ടത്തിനെടുത്തതിന്റെ പാട്ടക്കരാറോ ഹാജരാക്കണം എന്ന വ്യവസ്ഥ നടപ്പിലാക്കേണ്ടതാണ്. കൂടാതെ രേഖ ഹാജരാക്കുന്ന ഭൂമിയുടെ വിസ്തൃതിക്ക് അനുസൃതമായി മാത്രമേ വായ്പ നൽകാവൂ എന്ന വ്യവസ്ഥയും കൃത്യമായി പാലിക്കപ്പെടേണ്ടതുണ്ട്.

13. ടെക്നിക്കൽ കമ്മിറ്റികളുടെ അംഗത്വം പരിശോധിച്ച് യഥാർത്ഥ ചെറുകിട കൃഷിക്കാരുടെയും പാട്ട കൃഷിക്കാരുടെയും പ്രതിനിധികൾ അവയിലുണ്ടെന്ന് നബാർഡ് ഉറപ്പുവരുത്തണമെന്ന് സമിതി ആവശ്യപ്പെടുന്നു.

14. കാർഷിക വായ്പകളുടെ ഫലവത്തായ മോണിട്ടറിംഗിനായി ഡി.എൽ.ആർ.സി. കളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുടെ പ്രതിനിധികൾ, കർഷകരുടെ പ്രതിനിധി ജനപ്രതിനിധികൾ, നബാർഡ് ഡിസ്ട്രിക്ട് ഡവലപ്മെന്റ് മാനേജർ എന്നിവർ അംഗങ്ങളായുള്ള ഒരു മോണിറ്ററിംഗ് ടീം സജ്ജമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. വിവിധ ബാങ്കുകൾ വഴി നൽകുന്ന കാർഷിക വായ്പകൾ കാർഷികാവശ്യത്തിന് തന്നെയാണ് നൽകിയിട്ടുള്ളത് എന്ന് ഉറപ്പാക്കുന്നതിന് അപ്രകാരമുള്ള ലോണുകൾക്ക് മാത്രമാണ് പുനർവായ്പ നൽകുന്നതെന്നും ഉറപ്പാക്കുന്നതിന് നബാർഡ് ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഇപ്രകാരമൊരു സംവിധാനം നടപ്പാക്കി പീരിയോഡിക്കൽ പരിശോധന നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. കേരളത്തിലെ മുഴുവൻ കർഷകരുടെയും ഒരു വിവരശേഖരം തയ്യാറാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. കർഷക കടാശ്വാസ കമ്മീഷനിൽ അപേക്ഷ ലഭിച്ചാൽ ഒരു മാസത്തിനകം തീർപ്പുകല്പിച്ച് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് മതിയായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും കൂടുതൽ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ ഓഫീസ് സ്റ്റാഫിനെ സമയബന്ധിതമായി നിയമിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. അവാർഡ് തുക നിശ്ചയിക്കുന്നതോടൊപ്പം അത് നൽകുന്നതിനുള്ള അനുമതി ലഭ്യമാകത്തക്ക രീതിയിൽ കടാശ്വാസ കമ്മീഷൻ പ്രവർത്തനം പുനഃക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. ഇടവേളകൾ ഇല്ലാത്ത, തുടർച്ചയായ സേവനം ഉറപ്പാക്കുന്നതിനായി ഒരു കടാശ്വാസ കമ്മീഷന്റെ കാലാവധി തീരുന്നതിന് മുമ്പ് അടുത്ത നിയമന പ്രക്രിയകൾ പൂർത്തീകരിക്കണമെന്നും അല്ലാത്തപക്ഷം പുതിയ നിയമനം പ്രാബല്യത്തിൽ വരുന്നതുവരെ കാലാവധി കഴിഞ്ഞവർക്ക് പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്നതിനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

20. കർഷക ആത്മഹത്യ നടന്ന കുടുംബങ്ങളെ പ്രത്യേകമായി കണ്ട് അവർക്ക് അടിയന്തിര സാന്ത്വനമെത്തിക്കുന്നതിനും കടബാദ്ധ്യതകളിൽ നിന്ന് പൂർണ്ണമായ മോചനം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണമെന്നും കടാശ്വാസ പദ്ധതിയിൽ ഇക്കാര്യങ്ങൾ പ്രത്യേകമായി കണ്ട് അടിയന്തിര നടപടികൾ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. കാർഷിക സംബന്ധമായ പ്രശ്നങ്ങളും പ്രതിസന്ധികളും അടിക്കടി ഉണ്ടാകുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള കർഷകമിത്ര സമിതി മുഖേന ആരോഗ്യവകുപ്പിലെ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാരുടെ സേവനം കൂടി ഉൾപ്പെടുത്തി കൗൺസിലിംഗ് പോലുള്ള മാനസിക ആശ്വാസ ബോധന ചികിത്സാ പദ്ധതികൾ കൃഷിവകുപ്പിന്റെ കീഴിൽ സ്ഥിരം സംവിധാനമാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>അനുബന്ധം II</u>

## പന്ത്രണ്ടാം കേരള നിയമസഭ

## 4–ാം സമ്മേളനം

| | | |
|---|---|---|
| ഉറപ്പ് നമ്പർ | — | 64 |
| ചോദ്യം നമ്പർ | — | S. 124 |
| ദിവസം | — | 12-3-2007 |
| വകുപ്പ് | — | കൃഷിവകുപ്പ് |
| വിഷയം | — | കാർഷിക കടങ്ങൾക്ക് മോറട്ടോറിയം |

| ചോദ്യം | ഉത്തരം |
|---|---|
| (എ) ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതി തള്ളുന്നതിനും കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൈ കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | III. റീജിയണൽ ഗ്രാമീണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ (2006 സെപ്റ്റംബർ 1 വരെയുള്ള മുതലും പലിശയും ഉൾപ്പെടെ) ബാങ്കുകൾ എഴുതി തള്ളുന്നതാണ്. ബാക്കി തുക സർക്കാർ പ്രസ്തുത ബാങ്കുകൾക്ക് നൽകുന്നതാണ്.<br><br>IV. സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത രണ്ടു ലക്ഷം രൂപ വരെയുള്ള വായ്പകൾ അതാതു സ്ഥാപനങ്ങൾ എഴുതി തള്ളുന്നതാണ്. |

സ്വീകരിച്ച നടപടി (18380/എജി2/2008/കൃഷി)

III. റീജിയണൽ ഗ്രാമീണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ള 42.66 ലക്ഷം രൂപയുടെ കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്.

IV. 1-1-1999 മുതൽ 31-7-2006 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് കാർഷിക കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ പേരിൽ സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ ബാക്കിനിൽപ്പുണ്ടായിരുന്ന 543 വായ്പകളിലായി 5-6-2009 ലെ ജി.ഒ. (എംഎസ്.) 108/09/ കൃഷി/നമ്പർ ഉത്തരവ് പ്രകാരം 1,46,68,561 രൂപ സർക്കാർ അനുവദിച്ച് നൽകിയത് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് 4-7-2009-ൽ സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുണ്ട്. 2006-ലെ കേരള കർഷക കടാശ്വാസ നിയമം വകുപ്പ് 7(1) അനുസരിച്ച് കടാശ്വാസം അവകാശപ്പെടുന്ന കർഷകൻ കമ്മീഷൻ നിലവിൽ വന്നതിനു മുമ്പ് കുടിശ്ശിക ഉണ്ടായിരുന്നതും, 31-5-2009-ന് മുമ്പ് സമർപ്പിച്ചതുമായ അപേക്ഷകൾ കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിച്ചു വരുന്നുണ്ട്. കൂടാതെ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ മാത്രമേ കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുകയുള്ളു. രണ്ടു ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ള ദുരിതബാധിത കർഷകരെയാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നത്. ഒരു കർഷകന് വായ്പ തുക 50,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ 75% കടാശ്വാസവും 50,000 രൂപയ്ക്കു മുകളിലാണെങ്കിൽ 50% കടാശ്വാസവും അനുവദിച്ചുവരുന്നുണ്ട്.